സ്വാമി ശരണം
# അയ്യപ്പവാണി
अय्यप्पवाणि വെബ് വാർത്താമാസിക
**ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)**
പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008
അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൽ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.
വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com



**ക്രമ നം. അയ്യപ്പവാണി** - 04/2023 (**ഉത്രം പതിപ്പ്**)
**ബുധനാഴ്ച**, 05 **ഏപ്രിൽ** 2023.
(22 **മീനം** 1198)
**യുഗാബ്ദം** 5125

- ശാസ്താ പഞ്ചരത്ന സ്തോത്രം
- ഹരിവരാസനം - ഭാഗം 3 : ഡോ. എം. വി. നടേശൻ.
- ഷോഡശ സംസ്കാരങ്ങൾ, ഭാഗം 4 : ഡോ. വിശ്വനാഥൻ നമ്പൂതിരി
- രാമജന്മഭൂമി ക്ഷേത്രം
- എന്തുകൊണ്ട് രാമരാജ്യം - സദ്ഗുരു
- ആഞ്ജനേയ പ്രഭാവം
- ഗീതാ ശ്ലോകങ്ങൾ : 2- (11-15)
- സുഭാഷിതം - 39
- ക്വിസ് -24
- വാർത്തകൾ

## ശാസ്താ പഞ്ചരത്ന സ്തോത്രം



1. ലോക വീരം, മഹാ പൂജ്യം
സർവ രക്ഷാകരം വിഭും,
പാർവതീ ഹൃദയാനന്ദം
ശാസ്താരം പ്രണമാമ്യഹം.
(മികച്ച പോരാളി, എല്ലാവരാലും ആരാധിക്കപ്പെടുന്നവൻ, എല്ലാവരെയും സംരക്ഷിക്കുന്നവൻ, പിന്നെ പാർവതിയുടെ മനസ്സിന് സന്തോഷം നൽകുന്നവൻ - അങ്ങിനെയുള്ള ആ ശാസ്താവിനെ ഞാൻ വന്ദിക്കുന്നു.)

2. വിപ്രപൂജ്യം വിശ്വവന്ദ്യം
വിഷ്ണു ശംഭോ പ്രിയം സുതം,
ക്ഷിപ്ര പ്രസാദ നിരതം
ശാസ്താരം പ്രണമാമ്യഹം.
(വേദപണ്ഡിതന്മാരാൽ ആരാധിക്കപ്പെടുന്നവൻ, ലോകം മുഴുവൻ ബഹുമാനിക്കുന്നവൻ, വിഷ്ണുവിന്റെയും ശിവന്റെയും പ്രിയപുത്രൻ, വളരെ എളുപ്പത്തിൽ സന്തോഷിക്കുന്നവൻ, പ്രസാദിക്കുന്നവൻ - ആ ശാസ്താവിനെ ഞാൻ വന്ദിക്കുന്നു).

3. മത്തമാതംഗ ഗമനം,
കാരുണ്യാമൃത പൂരിതം,
സർവ്വ വിഘ്നഹരം ദേവം,
ശാസ്താരം പ്രണമാമ്യഹം.
(മദയാനയെപ്പോലെ നടക്കുന്നവൻ, കരുണയുടെ അമൃത് നിറഞ്ഞവൻ, എല്ലാ തടസ്സങ്ങളും നീക്കുന്നവൻ - ആ ശാസ്താവിനെ ഞാൻ വന്ദിക്കുന്നു.)

4.അസ്മത് കുലേശ്വരം ദേവം,
അസ്മത് ശത്രു വിനാശനം,
അസ്മദിഷ്ട പ്രദാതാരം
ശാസ്താരം പ്രണമാമ്യഹം.

(എന്റെ കുലത്തിന്റെ ദൈവം, എന്റെ ശത്രുക്കളെ നശിപ്പിക്കുന്നവൻ, എന്റെ എല്ലാ ആഗ്രഹങ്ങളും സാധിച്ചു തരുന്നവൻ - അങ്ങിനെയുള്ള ആ ശാസ്താവിനെ ഞാൻ

വന്ദിക്കുന്നു.)
5. പാണ്ഡ്യേശ വംശ തിലകം,
കേരളേ കേളി വിഗ്രഹം,
ആർത്ത ത്രാണപരം ദേവം,
ശാസ്താരം പ്രണമാമ്യഹം..
(പാണ്ഡ്യ വംശത്തിന്റെ തിലകമായവൻ,
കേരളത്തിൽ അവതാരമെടുത്ത്
ദുരിതബാധിതരെ  സംരക്ഷിക്കുന്നവൻ -
അങ്ങിനെയുള്ള ആ ശാസ്താവിനെ ഞാൻ
വന്ദിക്കുന്നു.)
6.പഞ്ചരത്നാഖ്യ മേതധ്യോ
നിത്യം ശുദ്ധപ്പഠേന്നര,
തസ്യ പ്രസന്നോ ഭഗവാൻ
ശാസ്താ വസതി മാനസേ
(ഈ അഞ്ച് രത്നങ്ങൾ - സ്തോത്രങ്ങൾ -
ദിവസവും ശുദ്ധിയോടെ ജപിക്കുന്നവരിൽ
പ്രസന്നനായി, പ്രസാദിച്ചുകൊണ്ട് ശാസ്താവ്
അവരുടെ മനസ്സിൽ സദാ വർത്തിക്കുന്നു).
7.ഭൂതനാഥ സദാനന്ദ
സർവ ഭൂത ദയാപര,
രക്ഷ രക്ഷ മഹാ ബാഹോ,
ശാസ്ത്രേ തുഭ്യം നമോ നമ.
(സർവജീവജാലങ്ങളുടെയും നാഥനും, സദാ
ആനന്ദമയനും, എല്ലാ ജീവികളോടും കരുണ
കാണിക്കുന്നവനുമായ മഹാശക്തനായ
ഭഗവാനേ,   ഞങ്ങളെ രക്ഷിച്ചാലും, ശാസ്താവേ
ഞങ്ങൾ വീണ്ടും വീണ്ടും നമസ്കരിക്കുന്നു..)

## शास्ता पञ्चरत्न स्तोत्रम्

1. लोक वीरम, महा पूज्यमं सर्व रक्षाकरं विभूमं,
पार्वती हृदयानन्दं शास्तारं प्रणमाम्यहम्।।
2. विप्रपूज्यं विश्ववंद्यम विष्णु शम्भो प्रियं सुतम,
क्षिप्र प्रसाद निरतं शास्तारं प्रणमाम्यहम्।।
3. मत्तमातङ्ग गमनम्, कारुण्यामृत पुरीतम्,
सर्व विघ्नहरं देवा, शास्तारं प्रणमाम्यहम्।
4.अस्मत कुलेश्वरं देवा, अस्मत शत्रु विनाशनम्,
अस्मदीष्ट  प्रदातारं  शास्तारं प्रणमाम्यहम्।
5. पाण्डेश वंश थिलकं, केरले केली विग्रहं,
आर्थ थ्रानपरं देवं, शास्तारं प्रणमाम्यहम्।
6. पञ्चरत्नाख्य मेदध्यो नित्यं शुद्दप्पठेन्नरा,
तस्य प्रसन्नो भगवन शास्ता वसति मनसे।
7. भूतनाथ सदानन्द सर्व भूत दयापर ।
रक्षा रक्षा महा बाहो, शास्त्ने थुभ्यं नमो नमः।।

---

## ഹരിവരാസനം - ആവർത്തിക്കുന്ന പദങ്ങളിലെ ഭക്തിരസം - ഭാഗം 3

(ഡോ.എം.വി.നടേശൻ, പ്രൊഫ. റിട്ട.
ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല ,കാലടി)






ഹരിവരാസനം എന്ന കൃതിയിലെ ഓരോ ശ്ളോകത്തിന്റേയും ഒടുവിലായി എട്ടു തവണ ആവർത്തിച്ചു വരുന്ന വരിയാണല്ലോ "ഹരിഹരാത്മജം ദേവമാശ്രയേ" എന്നത്, ഇതുപോലെ ഒന്നിലേറെ തവണ വരുന്ന പദങ്ങളും, സമാനമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന പദങ്ങളും ഈ കൃതിയിൽ കാണുന്നുണ്ട്: സുന്ദരാനനം, കീർത്തനപ്രിയം, വിശ്വമോഹനം, ഭുവനമോഹനം, ചിന്തിതപ്രദം ശ്രുതിവിഭൂഷണം, ശ്രുതിമനോഹരം വാജിവാഹനം, തുരഗവാഹനം, നിത്യനർത്തനം, നർത്തനാലസം, തുടങ്ങിയവ.

കാവ്യശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ നോക്കിയാൽ അർത്ഥസമാനതയുള്ള പദങ്ങളും, ഒരുപോലെയുള്ള പദങ്ങൾ വരുന്നതും പുനരുക്തിയെന്ന ദോഷമായാണ് കാണക്കാക്കുന്നത് . ഇതിലൂടെ ശില്പഭദ്രമായൊരു രചനയല്ല ഹരിവരാസനം എന്നാണ് ചുരുക്കത്തിൽ വിമർശകന്മാർ പറഞ്ഞു വെക്കുന്നത്. ഉത്തമ കാവ്യങ്ങളുടെ ലക്ഷണങ്ങൾ അനുസരിച്ച് നോക്കിയാൽ ഈ വാദം ശരിയാണ്താനും. എന്നാൽ കീർത്തനങ്ങളുടേയും നാടോടി പാട്ടുകളുടേയും ശക്തിയും സൗന്ദര്യവും, ആവർത്തിക്കുന്ന പദങ്ങളിലാണ് കുടികൊള്ളുന്നത് എന്ന കാര്യം വിസ്മരിക്കരുത്. വാങ്മൊഴി സൗന്ദര്യത്തെ വിളിച്ചോതുന്ന നിരവധി സ്തോത്ര കൃതികളും നാടൻ പാട്ടുകളും, അനുഷ്ഠാന കലാരൂപങ്ങളും ഇതിനുദാഹരണമായി കാണാൻ കഴിയും. അതുകൊണ്ട് ഇവിടങ്ങളിൽ വരുന്ന പദങ്ങളുടെ ആവർത്തനം ദോഷമായല്ല ഗുണമായാണ് കണക്കാക്കുന്നത്. അനുഷ്ഠാന കലാരൂപങ്ങളുമായി ബന്ധപ്പെട്ട് തുടർച്ചയായി ഉപയോഗിക്കുന്ന പദവും താളവും ഈണവും രൂപവും, വർണ്ണങ്ങളും പറഞ്ഞറിയിക്കാനാവാത്ത സൗന്ദര്യാനുഭൂതിയിലേക്ക് ഒരുവനെ നയിക്കുന്നതാണ്. ഇത്തരത്തിലുള്ള രചനകളുടെ ഭാഷാപ്രയോഗത്തെ ലൗകിക കലകളേയും സാഹിത്യത്തേയും പോലെ വിലയിരുത്തേണ്ടതല്ല. ആചാരങ്ങളുടേയും അനുഷ്ഠാനത്തിന്റെയും വിശ്വാസത്തിന്റെയും ഭാഗമായി വളർന്നു വന്നിട്ടുള്ള ഭക്തിസാഹിത്യവും കലയും അലൗകികമായ ജീവിതാനുഭവങ്ങളിലെക്ക് നയിക്കാൻ സഹായിക്കുന്നവയാണ്. അവയെ ഭക്തിയുടെയും വിശ്വാസത്തിന്റെയും ദർശനത്തിന്റെയും വിശാലതയിൽ നിന്നുമാണ് വിലയിരുത്തേണ്ടത് എന്ന സന്ദേശമാണ് ആചാര്യപരമ്പര നൽകിയിട്ടുള്ളത്. എരുമേലി പേട്ടതുള്ളുന്ന സമയത്ത് ശരീരമാസകലം വിവിധ വർണ്ണങ്ങളിലുള്ള പൊടികൾ തേച്ച് വനവാസികളെ പോലെ വേഷം കെട്ടി 'സ്വാമി തിന്തകത്തോം...അയ്യപ്പ തിന്തകത്തോം' എന്ന് ഭക്തിഭാവത്തോടെ ചൊല്ലുന്ന അയ്യപ്പഭക്തന്മാരെ കാണുമ്പോൾ, അവരുടെ വേഷത്തിലും ഭാഷയിലും ഒരർത്ഥവുമില്ലെന്ന്, ഇക്കാര്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തവർക്ക് വേണമെങ്കിൽ പറയാം. എന്നാൽ അതിൽ പങ്കുകൊള്ളുന്ന അയ്യപ്പന്മാരും ഇതറിയുന്ന ഭക്തജനങ്ങളും അങ്ങനെയല്ല കാണുന്നത്. അവർ അനുഭവിക്കുന്ന ദൈവികമായ ആനന്ദം വളരെ വലുതാണ്. കാരണം അത് എല്ലാതരത്തിലുമുള്ള ഭേദഭാവനകളുടേയും സമർപ്പണമാണ്. ഇതാണ് ഭക്തിയുടെ ഉയർന്നതലം. തൃപ്തനും സ്തബ്ധനുമായ ഭക്തന്റെ ഈ അവ

സ്ഥയെ നാരദമഹർഷിയുടെ നാരദഭക്തി സൂത്രത്തിൽ വ്യക്തമാക്കുന്നുണ്ട്.

വയലാർ ഈ അനുഭവത്തെ ഇങ്ങനെയാണ് കുറിച്ചത്.

"എരുമേലി പേട്ടതുള്ളി കന്നി അയ്യപ്പന്മാർ
ഞങ്ങൾക്കൊരു ജാതി ഒരു മതം ഒരു ദൈവം.
അയ്യപ്പ സ്വാമി അയ്യപ്പ! അയ്യപ്പ സ്വാമി അയ്യപ്പ."

കരിമല മടിയിലെ തീർത്ഥക്കരയിൽ നിൽക്കുമ്പോഴും, ശബരീപീഠത്തിലെത്തി ശരണം വിളിക്കുമ്പോഴും, പതിനെട്ടാം പടി കേറി ഭഗവാനെ തൊഴുമ്പോഴും, മലയാലയത്തിലെ അനവദ്യദേവാലയത്തിൽ സ്വാമി സംഗീതമാലപിക്കുന്ന താപസഗായകരായി മാറുകയാണ് ഓരോ അയ്യപ്പനും.

ഇതുതന്നെയാണ് ഹരിവരാസനത്തിന്റെ പദങ്ങളോരോന്നും ചൊല്ലുകയും കേൾക്കുകയും ചെയ്യുന്ന സമയത്ത് ഭക്തരുടെ മനസിലുണ്ടാകുന്നത്. അവിടെ എല്ലാം അപ്രസക്തമാണ്.

ഹരിഹരാത്മജം എന്നൊരു പദം മാത്രം എടുത്ത് പരിശോധിച്ചാൽ അതിന്റെ ഗൗരവം മനസിലാകും. ഹരി വിഷ്ണുവും, ഹരൻ ശിവനുമാണല്ലോ. ഹരിഹരന്മാരുടെ ആത്മജനാണ് (പുത്രനാണ് ) ഹരിഹരാത്മജൻ. അങ്ങനെയുള്ള ദേവനെ ആശ്രയിക്കുന്നു എന്നതാണ് കൃതിയുടെ ഏറ്റവും പ്രധാനപ്പെട്ട ആശയതലം.

എന്നാൽ ഹരിയാരാണ്?, ഹരനാരാണ്?, ഹരിഹരസങ്കല്പത്തിന്റെ പൊരുളെന്താണ്? 'ഹ' എന്നും 'ര' എന്നുമുള്ള അക്ഷരങ്ങളുടെ സവിശേഷതകൾ എന്തൊക്കെയാണ്? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം തേടുമ്പോഴാണ് ഒരു പദത്തിൽ മാത്രം അടക്കം ചെയ്തിരിക്കുന്ന മഹാരഹസ്യത്തെ അത്ഭുതത്തോടെ നോക്കി നിന്നുപോകുന്നത്. ജഗത് ഗുരു ശ്രീശങ്കരാചാര്യ സ്വാമികൾ 'ഹ' എന്ന അക്ഷരത്തിന്റെ ആധ്യാത്മികവും ആധിദൈവികവുമായ അർത്ഥതലങ്ങൾ വിശദമാക്കാൻ 'പ്രപഞ്ചസാര'മെന്ന താന്ത്രിക കൃതിയുടെ ഒരുപടലം മുഴുവനുമാണ് മാറ്റിവെച്ചത്. അതുപോലെ 'ഹരി' പദത്തിന്റെ തത്ത്വം വിവരിക്കാൻ നാൽപത്തി മൂന്ന് ശ്ളോകങ്ങൾ അടങ്ങിയ "ഹരിസ്തുതി" എന്ന കൃതിയും, ഹരിഹരന്മാരെ വർണിക്കാൻ "ഹരിശങ്കരസ്തുതിയും" രചിച്ചിട്ടുണ്ട്. ഗോകർണത്ത ഹരിഹരപുരത്ത് സ്ഥിതി ചെയ്യുന്ന ഹരിശങ്കര ക്ഷേത്രത്തിൽ കുടികൊള്ളുന്ന മൂർത്തിയുടെ അഭിന്നഭാവത്തെ പ്രകീർത്തിക്കുന്നതാണ് പ്രസ്തുത കൃതി. പുരാണ കർത്താവായ ഭഗവാൻ വേദവ്യാസൻ ഹരിയുടെ ലീലകൾ വർണിക്കാനാണ് മഹാപുരാണമെന്ന് പുകൾപെറ്റ ഭാഗവതം രചിച്ചത്. പന്ത്രണ്ട് സ്കന്ദങ്ങളിലായി പതിനെട്ടായിരം ശ്ളോകങ്ങളിലായി അവതരിപ്പിച്ച അതിലെ കഥയും കാര്യവും പറഞ്ഞിട്ടും കേട്ടിട്ടും ഇന്നോളം ആർക്കും തൃപ്തി വന്നതായി കേട്ടിട്ടില്ല എന്നാണ് ഭാഗവത മാഹാത്മ്യങ്ങൾ പറയുന്നത്.

"പിബത ഭാഗവതം രസമാലയം മുഹുരഹോ രസികാ ഭുവിഭാവുക".

ഹരന്റെ മാഹാത്മ്യം അരുളിച്ചെയ്യുന്നതിനായി ഇരുപത്തിയെട്ട് ശൈവാഗമങ്ങളാണ് നിലവിലുള്ളത്. അവ ശിവമുഖത്തു നിന്നും കേട്ടതായ തിരുമന്ത്രമുണർന്ന അറുപത്തിയേഴ് ശിവയോഗികൾക്കും ഇതുപോലെ പൂർണതൃപ്തി വന്നില്ലെ

ന്നാണ് 'തിരുമന്ത്ര'മെന്ന കൃതിയിൽ തിരുമൂലർ പറയുന്നത്.

ഹരിയെന്നും ഹരനെന്നുമുള്ള സങ്കല്പങ്ങൾ ഒന്ന് തന്നെയാണ്.

"ഹരിയും ഹരനും ഹരിഹരസുതനും അതിനുടെ പലതാം രൂപങ്ങൾ"... എന്ന് തുടങ്ങുന്ന ഒരു ഗീതത്തിൽ സ്വർഗീയ പരമേശ്വർജി ഈ ആശയം വിവരിക്കുന്നുണ്ട്.

വിഷ്ണു സഹസ്രനാമവും ശിവസഹസ്രനാമവും നോക്കിയാലും ഇക്കാര്യം മനസിലാകും. 'ഹരി' പദം ശിവവിഷ്ണു തത്ത്വത്തെ സൂചിപ്പിക്കുന്നതാണ് എന്നതിനാൽ ഹരിയെന്ന ഒരേ പദം ഈ രണ്ടു സഹസ്രനാമങ്ങളിലും കാണാം. ശബരിമല സന്നിധാനം ശൈവ- വൈഷ്ണവ - ശാക്തേയ സമന്വയത്തിന്റെ പുണ്യസങ്കേതമായി പരിലസിക്കുന്ന ഇടവുമാണ്. അതുകൊണ്ട് ഭക്തൻ തന്റെ ദുഃഖശമനത്തിന് ഹരിനാമം കീർത്തനം ചെയ്യും ഹരിയെ നമിച്ചും കാലം കഴിക്കാനാണ് ആഗ്രഹിക്കുന്നത്. അവിടെയും ഭക്തന്റെ മുന്നിൽ യാതൊരു ഭേദഭാവനകളും ഇല്ല.

"നാമ സങ്കീർത്തനം യസ്യ സർവപാപ
പ്രണാശനം
പ്രണാമോ ദുഃഖ ശമനസ്തം നമാമി ഹരിം പരം."

ഹരിമാഹാത്മ്യത്തെ വിവരിക്കുന്ന ഭാഗവതമെന്നത് പരമാത്മാവായ ഭഗവാൻ കൃഷ്ണന്റെ പ്രത്യക്ഷരൂപമെന്നാണല്ലോ ഭാഗവതോത്തമന്മാർ പറയുന്നത്.

(ശ്രീമദ് ഭാഗവതാഖ്യേയം പ്രത്യക്ഷകൃഷ്ണ
ഏവഹി.
സ്വരൂപമേകമേവാസ്തി സച്ചിദാനന്ദ ലക്ഷണം.)

ഇതുപോലെ ഹരിഹരാത്മജനായ സാക്ഷാൽ ഭഗവാൻ തന്നെയാണ് ഹരിവരാസനമായി ആവിർഭവിച്ചത് എന്നാണ് ഭക്തകോടികളുടെ അനുഭവസാക്ഷ്യം. "ഹരിവരാസനാഖ്യേയം ധർമ്മശാസ്താ ഏവഹി."

ശ്രീധർമ്മശാസ്താവും അയ്യപ്പനും, ഒരേ സച്ചിദാനന്ദ സ്വരൂപം തന്നെയാണ്. അതിനെ സൂചിപ്പിക്കുന്ന പദങ്ങളാണ് ഹരിവരാസനത്തിലുള്ളവ . അതിൽ ഏറ്റവും മർമ്മപ്രധാനമായ പദങ്ങളാണ് "ഹരിഹരാത്മജം" ഹരിവരാസനം" എന്നിവ. അതിനു മുന്നിൽ ഭാഷാപരവും സാഹിത്യപരവുമായ എല്ലാനിയമങ്ങളും വണങ്ങി നിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. "ഉത്തരരാമചരിതം" എന്ന കൃതിയിൽ ഭവഭൂതി പറയുന്നൊരു കാര്യമുണ്ട്. ലൗകികരായ ആളുകൾ അർത്ഥത്തെ ആശ്രയിച്ചാണ് വാക്കുകൾ പ്രയോഗിക്കുന്നത് എന്ന്, എന്നാൽ ഋഷിത്വമുള്ളവർ വാക്കുകൾ പ്രയോഗിക്കുമ്പോൾ അർത്ഥം അവയെ പിൻതുടരുന്നു എന്നാണ്.

(ലൗകികാനാം ഹി സാധൂനാമർത്ഥം വാഗനു
വർത്തതേ.
ഋഷീണാം പുനരാദ്യാനാം വാചമർത്ഥോ
നുധാവതി)

ജാനകിയമ്മ ഹരിവരാസനം എഴുതുമ്പോളൊന്നും ഇത്രയും ആഴത്തിലുള്ള പദമാണ് താൻ പ്രയോഗിക്കുന്നതെന്ന് അറിഞ്ഞു കാണില്ല. പിന്നീട് ദൈവികത നിറഞ്ഞൊഴുകിയപ്പോൾ പദങ്ങൾ ആദിയറിവിന്റെ നിറവുള്ളതായി മാറുകയായിരുന്നു എന്ന് വേണം കരുതാൻ.

# ഷോഡശസംസ്കാരങ്ങൾ : ഭാഗം 4

(ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി, റിട്ട. സംസ്കൃതം പ്രൊഫസർ, ബസേലിയസ് കോളേജ്, കോട്ടയം)



സ്ഥൂലശരീരത്തിന്റെ മരണശേഷം നാലഞ്ചു മണിക്കൂറിനകം സംസ്കാരം നടത്തണം എന്നാണ് പണ്ടൊക്കെ നിഷ്കർഷിച്ചിരുന്നത്, പിന്നീടത് നേരത്തോടുനേരം കഴിയുംമുൻപ് എന്ന സ്ഥിതിയായി. സൂക്ഷ്മശരീരം ദേഹം വിട്ടു പോകുംമുൻപ് സംസ്കാരം നടത്തണം. മക്കൾ അടുത്തില്ലെങ്കിലും അടുത്തുള്ള ബന്ധുക്കളോ അയൽക്കാരോ ആർക്കു വേണമെങ്കിലും ഈ സമയത്തിനകം മൃതദേഹം ദഹിപ്പിക്കാം. ഇപ്പോൾ പാശ്ചാത്യസംസ്കാരത്തിന്റെ അതിപ്രസരം മൂലം, അഞ്ചുമണിക്കൂർ എന്നതുമാറി മാസങ്ങളോളവും മൃതദേഹം സൂക്ഷിച്ചു വെച്ചശേഷം സംസ്കരിക്കുന്ന കഥകൾ നമ്മൾ കേൾക്കുന്നു. ഇതിന്റെ പേര് സംസ്കാരം എന്നല്ല. സംസ്കരിക്കുക എന്ന് വെച്ചാൽ നന്നാക്കി എടുക്കുക. ബാഹ്യമായ ഈ ശരീരത്തെയല്ല സംസ്കരിക്കേണ്ടത്, അത് ജീർണിച്ചു പോകുന്നതാണ്. അതിനകത്തുള്ള സൂക്ഷ്മശരീരം വേർപെടും മുൻപ് അതിനെയാണ് സംസ്കരിക്കേണ്ടത്.

ഇപ്രകാരം അഞ്ചു മണിക്കൂറിനകം സ്ഥൂലശരീരത്തെ അഗ്നിയിൽ ദഹിപ്പിച്ചു കഴിയുമ്പോൾ സംസ്കരിച്ചെടുക്കപ്പെട്ട സൂക്ഷ്മശരീരത്തിന്റെ പേര് ''കാരണശരീരം'' എന്നായി മാറും. മൂന്നാമത്തെ അവസ്ഥയായ കാരണശരീരം എന്നത് സംസ്കാരത്തിനു ശേഷമുള്ള അവസ്ഥയാണ്. ഈ കാരണ ശരീരം മറ്റൊരു ജന്മത്തിന് / ജീവന് കാരണമായേക്കാം എന്നതിനാലാകാം, കാരണശരീരം എന്നും ലിംഗശരീരം എന്നുമുള്ള പേരുകളിൽ അറിയപ്പെടുന്നത്.

പ്രകർഷേണ ഇതഃ – ശരീരത്തിൽ നിന്നും വിട്ടുപോയത് 'പ്രേതഃ' – മൃതദേഹത്തിന്റെ പേര് ജഡം എന്നാണ്. പ്രേതസംസ്കാരം എന്നാണ് ശരി, ശവസംസ്കാരം എന്നല്ല. ബാഹ്യമായ ശരീരത്തിനകത്തുള്ള ആന്തരികമായ സൂക്ഷ്മശരീരത്തിനെ സംസ്കരിച്ച്, നശിക്കാതെ നന്നാക്കി സൂക്ഷിച്ചു നിലനിർത്താൻ വേണ്ടിയാണ് അഗ്നിസംസ്കാരം, ഭൂസംസ്കാരം എന്നീ വിധങ്ങളിൽ സംസ്കാരകർമ്മം ചെയ്യു ന്നത്. ഇതിലൂടെ ശരീരം വിട്ടുപോകുന്ന ജീവൻ / പ്രാണൻ പഞ്ചഭൂതങ്ങളിൽ ലയിക്കുന്നു. അതിലുണ്ടായിരുന്ന അഗ്നി യുടെ അംശം പ്രപഞ്ചാഗ്നിയിലും ജലാംശം പ്രപഞ്ച ജലത്തിലും പാർഥിവ അംശം / മണ്ണിന്റെ അംശം, ഭൂമിയിലും ലയിക്കും.

ആകാശത്തിന്റെ അംശം പ്രപഞ്ചാകാശത്തിലും വായുവിന്റെ അംശം പ്രപഞ്ചവായുവിലും ലയിക്കും. ഈ വിധം പുറത്തു പോകുന്ന പ്രാണൻ അഞ്ചായി മാറി ഈ പ്രപഞ്ചത്തിൽ നിലനിൽക്കുന്നു.

കുറെ സമയം അഗ്നിയിൽ സംസ് കരിക്കപ്പെട്ടതിനാൽ തപിക്കപ്പെട്ട പ്രേതത്തെ (ദേഹം വിട്ടുപോയ പ്രാണനെ) സംസ്കാരകർമ്മത്തിനു ശേഷം ഉദകകർമ്മങ്ങൾ കൊണ്ട് തണുപ്പിച്ചു നന്നാക്കണം. ഉദകം എന്നാൽ ജലം – പ്രേത ത്തിന് കൂടെക്കൂടെ ജലം നൽകുന്നതാണ് ഉദകകർമ്മം. അഗ്നിയിൽ ഇരുന്നു സന്തപിച്ച പ്രാണന്റെ അംശമായ, പഞ്ച ഭൂതങ്ങളിൽ ചേർന്ന ഈ പ്രേതത്തെ പ്രകൃതിയിൽ നിന്ന് ആവാഹിച്ചു വരുത്തിയിട്ടാണ് ഉദകക്രിയ എന്ന ചടങ്ങ് നടത്തുന്നത്. ഇങ്ങനെ നിരവധി തവണ വെള്ളം കൊടുത്തു കൊണ്ട് പ്രേതത്തിന്റെ താപം തണുപ്പിക്കുക / ദാഹം ശമിപ്പിക്കുക എന്നതാണ് ഉദകക്രിയ കൊണ്ട് ലക്ഷ്യമാക്കുന്നത്.

**അസ്ഥിസഞ്ചയനം**

ഇപ്രകാരം നിത്യേന പലതവണ ഉദകക്രിയകൾ ചെയ്തശേഷം നാലാംദിവസം അല്ലെങ്കിൽ അഞ്ചാംദിവസം സഞ്ചയനം എന്ന ക്രിയ ചെയ്യുന്നു. സഞ്ചയനം എന്ന വാക്കിന് സമ്യക് ആയി ചയനം ചെയ്യുക (കൂട്ടിയെടുക്കുക) എന്നാണ് അർഥം. അസ്ഥിസഞ്ചയനം എന്നാണ് ഈ ക്രിയയുടെ പൂർണരൂപം. അഗ്നിസംസ്കാരം കഴിഞ്ഞ ജഡത്തിന്റെ ദഹിക്കാതെ കിടക്കുന്ന അസ്ഥികൾ ഓരോ ഭാഗത്തും ഉള്ളവ മുഴുവൻ പെറുക്കി എടുക്കണം എന്നാണ് ഈ ചടങ്ങ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്നത്തെ കാലത്ത് മൂന്ന് ഭാഗങ്ങളിൽ നിന്ന് മാത്രം ഓരോ അസ്ഥി എടുക്കു കയാണ് പതിവ്. ഇങ്ങനെ അസ്ഥി എടുത്തു പാലിലും വെള്ളത്തിലും കഴുകി ശുദ്ധി വരുത്തി ഒരു മൺകുടത്തിൽ നിക്ഷേപിച്ച ശേഷം ചിരാതുപോലുള്ള ഒരു വിളക്ക് കൊളുത്തി ഉത്തമവൃക്ഷത്തിന്റെ ചുവട്ടിൽ ആഴത്തിൽ കുഴിച്ചിടണം എന്നാണ് വ്യവസ്ഥ. സ്വന്തം സ്ഥലത്തുള്ള ഉത്തമവൃക്ഷത്തിനു കീഴിൽ കുഴിച്ചിട്ടാൽ ഈ അസ്ഥി വർഷങ്ങൾ കൊണ്ട് മണ്ണിൽ ലയിച്ചു ചേരും. ഇത്തരത്തിൽ പ്രകൃതിയെ മലിനമാക്കാതെ, അസ്ഥികൾ ഭൂമിയിൽ തന്നെ ലയിപ്പിച്ചു ചേർക്കുന്ന ഒരു വ്യവസ്ഥയാണ് അസ്ഥി സഞ്ചയനം. പക്ഷെ ഇന്ന് അതിനു പകരം, രണ്ടോ മൂന്നോ അസ്ഥികൾ മാത്രം എടുത്ത് അവ പുഴയിലും മറ്റും ഒഴുക്കി വിടുക എന്നതാണ് സാർവത്രികമായി കാണുന്ന പ്രവണത. ഇങ്ങനെ ഒഴുക്കി ജലം മലിനമാക്കുന്നത് യഥാർത്ഥത്തിൽ നമ്മുടെ വ്യവസ്ഥ അല്ല. ഇതുപോലെ ചിതാഭസ്മം നദികളിൽ ഒഴുക്കുന്ന ചടങ്ങും ജലത്തെ മലിനീകരിക്കുന്നതാണ്. വെള്ളത്തിലല്ല, ഇതെല്ലാം ഭൂമിയിൽ മാത്രമേ ലയിച്ചു ചേരുകയുള്ളൂ. ഈ വിധം ഭൂമിയിൽ അസ്ഥിസഞ്ചയനം നടത്തുക എന്നത് ഇന്ന് പൊതുവെ ആർക്കുമറിയില്ല.

**ശേഷക്രിയകൾ:**

സഞ്ചയനത്തിനു ശേഷം അടുത്തതായി നടത്തേ ണ്ടത് ശേഷക്രിയകൾ, സപിണ്ഡീകരണം, ബലി, ശ്രാദ്ധം മുതലായ ചടങ്ങുകളാണ്. ഇവ അനിവാര്യമായ ചടങ്ങു കളാണ്. പത്താം ദിവസം അല്ലെങ്കിൽ പതിനാറാം ദിവസമാണ് പൊതുവെ ഇത്തരം ചടങ്ങുകൾ നടത്തുന്നത്. സംസ്കാരം നടത്തുന്ന രീതി അനുസരിച്ചാണ് പത്താം ദിവസം അല്ലെങ്കിൽ പതിനാറാം ദിവസം എന്നിങ്ങനെ വ്യത്യാസം

വരുന്നത്. ഷോഡശസംസ്കാരങ്ങൾ എല്ലാം ആചരിച്ചവർക്കു പത്താം ദിവസമോ പന്ത്രണ്ടാം ദിവസമോ ഈ ക്രിയകൾ ആകാം.

**പ്രേത – പിതൃരൂപങ്ങൾ തമ്മിലുള്ള വ്യത്യാസം**

'പിതൃ' എന്നത് മരിച്ചു പോയ പ്രേതം എന്ന രൂപമല്ല. ഉദകക്രിയകൾ, ശേഷക്രിയകൾ, ദാനങ്ങൾ, സപിണ്ഡീകരണം എന്നീ ചടങ്ങുകൾ നടത്തി പ്രേതരൂപത്തിൽ ഉണ്ടായിരുന്ന പ്രാണനെ, പൂർവികരായ മറ്റു പിതൃക്കളോടു ചേർത്ത ശേഷമാണ് ആ പ്രാണന് 'പിതൃ' എന്ന പദം ലഭിക്കുന്നത്. പിതൃക്കൾ കാലക്രമേണ അവർ ചെയ്ത പുണ്യപ്രവൃത്തികൾ മൂലം പിതൃദേവതകൾ എന്ന പേരിൽ പിതൃഗണങ്ങളോട് ചേർന്ന് ദേവതാസ്വരൂപം ഉള്ളവരായി ത്തീരുന്നു എന്നാണ് സങ്കൽപം.

**സപിണ്ഡീകരണം**

സപിണ്ഡീകരണം വാസ്തവത്തിൽ മരണശേഷം ഒരു വർഷം തികയുമ്പോൾ ചെയ്യേണ്ട ക്രിയയാണ്. കാരണം മനുഷ്യന്റെ ഒരു മാസം പിതൃക്കൾക്ക് ഒരു ദിവസമാണ്. നമ്മുടെ പന്ത്രണ്ടു മാസങ്ങൾ എന്നാൽ പിതൃക്കൾക്ക് പന്ത്രണ്ടു ദിവസങ്ങളെ ആകുന്നുള്ളൂ. നമ്മൾ ഓരോ മാസത്തേയും ക്രിയകളാണ് ഓരോ ദിവസം കൊണ്ട് പന്ത്രണ്ടു ദിവസങ്ങളിലായി (ഒരു ദിവസമെന്നാൽ ഒരു മാസം – ഇപ്രകാരം പന്ത്രണ്ടു ദിവസം എന്നാൽ ഒരു വർഷം എന്ന സങ്കല്പ ത്തിൽ) ചെയ്യുന്നത്. ഇങ്ങനെ പന്ത്രണ്ടു ദിവസം പിണ്ഡം, ബലിദാനം എന്നീ ക്രിയകൾ ചെയ്തു സംസ്കരിച്ച കാരണ സ്വരൂപമായ ഈ പ്രേതാത്മാവിനെ നമ്മുടെ പൂർവികരായ പിതൃക്കളുമായി ചേർക്കുന്ന ചടങ്ങാണ് സപിണ്ഡീകരണം. പിണ്ഡത്തോട് കൂട്ടി ചേർക്കുക എന്നാണ് ഈ വാക്കിന്റെ അർത്ഥം. നമ്മെ വിട്ടുപിരിഞ്ഞ ഈ പ്രാണന്റെ പ്രേതത്തെ പിണ്ഡരൂപത്തിൽ സങ്കല്പിച്ച് പിതൃലോകത്തിൽ ഉള്ള പൂർവികരായ മറ്റു പിതൃക്കളുടെ പ്രതീകമായ പിണ്ഡങ്ങളോട് കൂട്ടിച്ചേർക്കുന്നതാണ് ഈ ചടങ്ങ്. അത്തരത്തിൽ പിതൃക്കളുമായി ചേർക്കപ്പെട്ട പ്രാണൻ പിതൃലോകത്തിൽ തന്നെ ഏറെക്കാലം തുടരാം, അഥവാ മറ്റൊരു ജന്മം സ്വീകരിക്കാം. അതുമല്ലെങ്കിൽ മോക്ഷമാർഗത്തിൽ മുന്നോട്ടു പോകാം.

**ബലികർമ്മങ്ങൾ, ശ്രാദ്ധം:**

ശരീരത്തിൽ നിന്നും വേർപെട്ടു പോകുന്ന പ്രാണൻ അഥവാ ജീവൻ പ്രകൃതിയിലെ പഞ്ചഭൂതങ്ങളോടു ചേരു മ്പോഴും മരിച്ചുപോയ വ്യക്തിയുടെ വാസനകൾ പൂർണമായും ഉപേക്ഷിക്കുന്നില്ല. ഈ വാസന ഉള്ളത് വരെ ജീവൻ ഇവിടെത്തന്നെ കറങ്ങിക്കൊണ്ടിരിക്കും. ഈ അവസ്ഥയിൽ നിന്നും മോക്ഷാവസ്ഥയിലേക്കു ഉയർത്താൻ വേണ്ടിയാണ് ശേഷക്രിയകൾ, ദാനങ്ങൾ, സപിണ്ഡീകരണം മുതലായ കർമ്മങ്ങൾ നടത്തുന്നത്.

പിതൃരൂപം പ്രാപിച്ചവർക്കു വേണ്ടി വാർഷികമായി ചെയ്യുന്ന ചടങ്ങുകളാണ് ബലികർമ്മങ്ങൾ, ശ്രാദ്ധം എന്നിവ. മരിച്ചുപോയ ജീവന്റെ തൃപ്തിക്കായി നാം ഇത്തരം കർമ്മങ്ങൾ ചെയ്യുന്നു. ഇതിന്റെ യഥാർത്ഥഫലം എന്തെന്ന് നാം അറിയുന്നില്ല. ജീവനിൽ ഇനിയും ചേർന്നു നിൽക്കുന്ന വാസനകളെ, അതായത് മരണം വരെ കൂടെ അലിഞ്ഞു ചേർന്ന് ബാക്കി നിൽക്കുന്ന ദുർവാസനകളെ, ഓരോ ദിവസവും ചെയ്യുന്ന കർമ്മങ്ങൾ / മന്ത്രങ്ങൾ / പ്രാർത്ഥനകൾ / എന്നിവകൊണ്ട് ശുദ്ധീകരിച്ച്, ഇനിയുമൊരു

ജന്മം ഉണ്ടാകാതെ, അഥവാ ഉണ്ടായാൽ അത് ഉൽകൃഷ്ടമായ ഒരു ജന്മത്തിനു കാരണമായിത്തീരട്ടെ എന്നു സങ്കൽപ്പിച്ച് ഈ ജീവനെ / പ്രാണനെ പ്രകൃതിയിൽ നിക്ഷേപിക്കുന്നു. ആ പ്രാണൻ അവിടെനിന്നും ഉയർന്നു പിതൃലോകത്തിലും, പിന്നെ ചന്ദ്രലോകത്തിലും, തുടർന്ന് സൂര്യലോകത്തിലും അതിനുശേഷം വിഷ്ണുലോകത്തിലും എത്തുന്നു. സായൂജ്യം എന്ന അവസ്ഥ നേടണമെങ്കിൽ ഒട്ടേറെ പടവുകൾ കയറി പോകേണ്ടതുണ്ട്. ഈ യാത്ര, ഏതു വഴികളിലൂ ടെ, എത്ര കാലം വേണ്ടിവരും എന്നത് നമുക്കജ്ഞാതമാണ്. ഇക്കാരണത്താൽ നമ്മുടെ കാലം കഴിയുംവരെ നമ്മൾ നമ്മുടെ പിതൃക്കൾക്ക് ബലികർമങ്ങൾ / ശ്രാദ്ധകർമങ്ങൾ അനുഷ്ഠിക്കേണ്ടതാണ്.

പിതൃരൂപം പ്രാപിച്ച പൂർവികരായ നമ്മുടെ പിതൃക്കൾക്കു വേണ്ടി നമ്മൾ ബലികർമങ്ങളും ശ്രാദ്ധകർമ്മങ്ങളും (കർക്കിടകബലി, ശ്രാദ്ധബലി, ആണ്ടുബലി എന്നൊക്കെ പറയുന്നവ) നിരന്തരം നടത്തുന്നു. ബലികർമ്മങ്ങൾ ചെയ്തു സപിണ്ഡീകരണം നടത്തി പിതൃലോകത്തിൽ ചേർക്കപ്പെട്ട പിതൃക്കൾക്കു വളരെ ശ്രദ്ധാപൂർവം ചെയ്യേണ്ട കർമ്മമാണ് ശ്രാദ്ധം അഥവാ ബലി. വാർഷികശ്രാദ്ധം അഥവാ ആണ്ടുബലി എല്ലാ വർഷവും മരണത്തിന്റെ വാർഷിക ദിനങ്ങളിൽ നടത്തുന്നു. ഇത് പ്രാദേശികമായി പഞ്ചാംഗ ഗണിതപ്രകാരം മരിച്ച മാസം / തിഥി / നക്ഷത്രം എന്നിവ നോക്കി ഇവയ്ക്കനുസൃതമായ വാർഷികദിനങ്ങളിലാണ് നടത്തുന്നത്.

**ബലി/ശ്രാദ്ധം – പിതൃപൂജ ഇവ തമ്മിലുള്ള വ്യത്യാസം:**

ശ്രാദ്ധ/ബലി കർമ്മങ്ങൾ എന്നതും ക്ഷേത്രങ്ങളിൽ നടത്തുന്ന പിതൃപൂജ എന്നതും വ്യത്യസ്ഥമാണ് എന്നു മനസ്സിലാക്കേണ്ടതുണ്ട്. ബലികർമ്മങ്ങൾ ചെയ്യാൻ സാധിക്കാത്ത പക്ഷം അമ്പലത്തിൽ ചെന്ന് ഒരു പിതൃപൂജ കഴിച്ചാൽ മതി എന്ന ഒരു തെറ്റിദ്ധാരണ നമുക്കിടയിൽ ഉണ്ട്. ഇവ രണ്ടും വ്യത്യസ്ഥമായ ലക്ഷ്യത്തോടെ ചെയ്യുന്ന ചടങ്ങുകൾ ആണ്.

ശ്രാദ്ധ / ബലികർമങ്ങൾ പൂർവികരായ പിതൃക്കൾക്ക് വേണ്ടി സ്വന്തം വീടുകളിൽ അഥവാ ബലി / ശ്രാദ്ധം എന്നിവക്ക് വിശേഷമായി കരുതപ്പെടുന്ന സ്ഥലങ്ങളിൽ വെച്ച് നടത്തുന്നതാണ്. (കേരളത്തിൽ ആലുവ, തിരുനാവായ, തിരുനെല്ലി തുടങ്ങിയ സ്ഥലങ്ങൾ ഉദാഹരണം).

പിതൃക്കൾ കാലക്രമേണ അവർ ചെയ്ത പുണ്യ പ്രവൃത്തികൾ മൂലം പിതൃദേവതകൾ എന്ന പേരിൽ പിതൃഗണങ്ങളോട് ചേർന്ന് ദേവതാസ്വരൂപം ഉള്ളവരായി തീരുന്നു എന്നാണ് സങ്കൽപം. അമ്പലങ്ങളിൽ നമ്മൾ നടത്തുന്ന പിതൃപൂജ എന്നാൽ ഇത്തരത്തിൽ ദേവതാ സ്വരൂപം സിദ്ധിച്ച പിതൃദേവതകൾക്കായുള്ള പൂജയാണ്.

**അമാവാസിയുടെ പ്രാധാന്യം:**

ബലികർമ്മങ്ങൾക്കായി ഇക്കാലത്തു നിശ്ചയിക്കപ്പെട്ട സന്ദർഭം അമാവാസി ദിവസമാണ്. കർക്കടകത്തിലെ അമാവാസി – കർക്കടകവാവ് ആയി ആചരിക്കുന്നു. അമാവാസി എന്നതിന്റെ അർഥം 'കൂടെ വസിക്കുന്നു' (അമാ എന്നാൽ കൂടെ) എന്നാണ്. അന്ന് ചന്ദ്രൻ സൂര്യന്റെ കൂടെയാണ് നില്കുന്നത്. അതുകൊണ്ടു ചന്ദ്രനെ കാണാൻ പറ്റില്ല. നമുക്ക് കാണാവുന്ന ഭൂമിയുടെ മറുഭാഗത്താണ് അന്ന് ചന്ദ്രൻ. മനുഷ്യന് അഗോചരമായ ആ ലോകം

പിതൃലോകം എന്നാണ് സങ്കൽപിക്കപ്പെടുന്നത്. പിതൃഗണങ്ങളായ ദേവന്മാരുടെ ലോകമാണ് ഇത്. അമാവാസി എന്നാൽ ചന്ദ്രരശ്മികൾ നന്നായി പ്രകാശിച്ചു പിതൃലോകത്തു നന്നായി വെളിച്ചം കിട്ടുന്ന ദിവസമാണ്. അന്നാണ് ബലി കർമ്മവും ശ്രാദ്ധവും അനുഷ്ഠിക്കേണ്ടത്. ഈ ദിവസം പിതൃക്കൾക്ക് നമ്മൾ നൽകുന്ന 'കവ്യം' നല്ല പ്രകാശത്തിൽ കണ്ടുകൊണ്ടു് അനുഭവിക്കാൻ സാധിക്കും. (കവ്യം എന്നാൽ പിതൃക്കൾക്ക് നൽകുന്ന അന്നം / പിണ്ഡം).

നമ്മുടെ ആചാരങ്ങൾക്ക് സ്മൃതികൾ നൽകുന്ന ഒരു ശാസ്ത്രീയ അടിത്തറ ഉണ്ട്. ഈ സ്മൃതികളുടെ ആധാരം ശ്രുതി/വേദങ്ങളാണ്. ഇത്തരം സ്മൃതികൾ ഉണ്ടെന്നും, ഇവ അന്ധവിശ്വാസവും, അനാചാരവുമല്ല, ശ്രദ്ധയോടെ ചെയ്യേണ്ട സദാചാരമാണ് എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. നാമെല്ലാം അറിഞ്ഞിരിക്കേണ്ടതും ആചരിക്കേണ്ടതുമായ, ഗർഭാധാനം മുതൽ അന്ത്യേഷ്ടി വരെയുള്ള ഷോഡശ(16)സംസ്കാരങ്ങളെക്കുറിച്ചാണ് കഴിഞ്ഞ ലക്കങ്ങളിലൂടെ പരിചയപ്പെടുത്തിയത്.

(അവസാനിച്ചു)

അവലംബം: സനാതന സുധ (ഡോ. വിശ്വനാഥൻ നമ്പൂതിരി)

---

# എന്തുകൊണ്ട് രാമരാജ്യംഃ - സദ്ഗുരു - ബാബറിന്റെ പാരമ്പര്യം തുടച്ചുനീക്കപ്പെടണം

(ഇഷാ ഫൗണ്ടേഷനിൽ സദ്ഗുരു നടത്തിയ പ്രസംഗത്തിൽ നിന്ന്)



ഇന്ത്യയിലെ മുഗൾ അധിനിവേശത്തെക്കുറിച്ചുള്ള ഞെട്ടിക്കുന്ന സത്യം വെളിപ്പെടുത്തിക്കൊണ്ട് ശ്രീ സദ്ഗുരു ആരംഭിച്ചു. “മംഗോളിയൻ സാമ്രാജ്യത്തിന്റെ സ്ഥാപകനായ ചെങ്കിസ് ഖാന് ശേഷമുള്ള മൂന്നാമത്തെ തലമുറയാണ് ബാബർ. പതുക്കെ മംഗോൾ എന്ന വാക്ക് ഇന്ത്യയിൽ മുഗൾ ആയി മാറി. 90 മുതൽ 100 വർഷം വരെയുള്ള ഈ മംഗോളിയൻ സാമ്രാജ്യത്തിന്റെ വികാസം 4 0 ദശലക്ഷത്തിലധികം ആളുകളെ കൊന്നൊടുക്കി. അക്കാലത്തെ 4 0 ദശലക്ഷം ആളുകൾ ലോകജനസംഖ്യയുടെ ഏകദേശം 1 0 % ആയിരുന്നു. വളരെ ഊർജ സ്വലരായ അവർ കൊന്നത് അണു ബോംബ്

കൊണ്ടല്ല, വാളുകൾ കൊണ്ടാണ്. ചെങ്കിസ് ഖാൻ എവിടെ പോയാലും ഒരു നിയമം ഉണ്ടാക്കി. അവൻ എവിടെ കീഴടക്കിയാലും, 38 മുതൽ 39 ഇഞ്ച് വരെ പൊക്കമുള്ള വണ്ടി ചക്രത്തിന്റെ (സൈന്യത്തിൽ ഉപയോഗി ക്കുന്നവ) ഉയരമുള്ള എല്ലാ പുരുഷന്മാരും കൊല്ലപ്പെട്ടു. അറ്റുപോയ തലകളെല്ലാം ഒരു വലിയ പർവതം പോലെ കൂട്ടിയിടുന്നത് മംഗോളിയരുടെ പതിവായി രുന്നു. സൈനികരെ സേവിക്കാൻ സ്ത്രീകളെ അടിമകളായി കൊണ്ടുപോകുകയോ മധ്യപൂർവ ദേശത്തിലെയും യൂറോപ്പിലെയും വിവിധ ചന്തകളിൽ വിൽക്കുകയോ ചെയ്തു. അങ്ങനെ അവർ പല രാജ്യങ്ങളിലും വ്യാപിച്ചു. ചെങ്കിസ് ഖാന് ശേഷം തിമൂർ ലാങ് വന്നു. തിമൂർ ലാങ് ഡൽഹി വരെ തന്റെ സാമ്രാജ്യത്തെ എത്തിച്ചു. പിന്നെ ബാബർ വന്നു. തിമൂർ ലാങ് 17 ദശലക്ഷം ആളുകളെ ഏറ്റവും ക്രൂരമായ രീതിയിൽ കൊന്നിട്ടുണ്ടെന്ന് കരുതപ്പെടുന്നു. പുരുഷ ന്മാർക്ക് സംഭവിച്ചത് സഹതാപമാണ്. എന്നാൽ സ്ത്രീകൾക്ക് ഏറ്റവും ഭയാനകമായ കാര്യങ്ങൾ സംഭവിച്ചു.

ബാബർ വന്നപ്പോൾ അത് ഗുരുനാനാക്കിന്റെ കൂടി കാലമായിരുന്നു. ഗുരുനാനാക്ക് തികച്ചും സമാധാനതല്പരനും പ്രതികരിക്കാത്ത ഒരു മനുഷ്യനും ആയിരുന്നു. " മരണത്തിന്റെ ഒരു ദൂതൻ വന്നി രിക്കുന്നു" അനുഭവിച്ചറിഞ്ഞ ഗുരുനാനാക്കിന്റെ തന്നെ വാക്കു കളിൽ ഇങ്ങനെ വ്യാഖ്യാനിച്ചു, " താൻ പോകുന്നിടത്തെല്ലാം ആയിരക്കണക്കിന് ആളു കളെ കൊന്നുവെന്ന് അവൻ പറഞ്ഞു. അവൻ ഏതു പട്ടണത്തിലും പോയി, എല്ലാ പുരുഷ ന്മാരെയും കൊല്ലും, പട്ടണം ചുട്ടെരിക്കും , സ്ത്രീകളെയും കുട്ടികളെയും പിടികൂടും. സ്ത്രീകൾ എല്ലായ്പ്പോഴും പൊതുസ്ഥലത്ത് ക്രൂരമായി ബലാത്സംഗം ചെയ്യപ്പെടുന്നു, കാര ണം ഇത് ഒരു ബലാത്സംഗം മാത്രമല്ല, എല്ലാ വർക്കും ഇതൊരു പാഠമാണ്. ബാബർ കാണ്ട ഹാറിലെയും കാബൂളിലെയും ചന്തകളിൽ ആയിരക്കണക്കിന് ഹിന്ദു സ്ത്രീകളെ വിറ്റു. ഭാഗ്യവശാൽ ബാബർ ഇന്ത്യയിൽ നാല് വർഷം മാത്രമേ ജീവിച്ചിരുന്നുള്ളൂ, അയാൾ പെട്ടെന്ന് മരിച്ചു. അതുകൊണ്ട് ബാബറിന്റെ പാരമ്പര്യം എല്ലാ വിധത്തിലും ഈ രാജ്യത്ത് നിന്ന് തുടച്ചുനീക്കപ്പെടണം. എല്ലാറ്റിനുമുപരിയായി, ആരും ഇന്നത്തെ തലമുറയെ ഒരിക്കലും ബാബറുമായി യോജിച്ചുകാണരുതു്, കാരണം അത്രയുണ്ട് അയാൾ ചെയ്ത ക്രൂരതകൾ. അവൻ ഒരു ക്രൂരതയും ചെയ്തു എന്ന് പറയാനാവില്ല, കാരണം അവൻ തന്നെ ക്രൂരതയുടെ പര്യാ യമാണ്. ചെങ്കിസ് ഖാൻ മതത്തിന് വേണ്ടിയല്ല കൊന്നത്. അത് ശൗര്യവും കീഴടക്കലും മാത്ര മാണ്. തിമൂർ ലാങ് വന്നു വലിയ തോതിൽ കീഴടക്കി, അതിൽ ചെറുതായിട്ടെങ്കിലും മതപര മായ ഒരു കലർപ്പ്കൂടി ഉണ്ടായിരുന്നു. എന്നാൽ ബാബർ മതപരമായ ലക്ഷ്യം വളരെ ശക്തമായി ഉപയോഗിച്ചു, ജിഹാദ് ആണ് ചെയ്യുന്നതെന്ന് കരുതി അത് അയാൾക്ക് കൊല്ലാൻ കൂടുതൽ ശക്തി നൽകി. കൂടാതെ പലതവണ അയാൾ മുസ്ലീം പട്ടണങ്ങൾ പോലും കൊള്ളയടി ക്കുകയും മുസ്ലീം ജനങ്ങളെ കൊല്ലുകയും ചെയ്തു. തന്റെ സൗകര്യത്തിനനുസരിച്ച് മതത്തെ വളരെ സൗകര്യപ്രദമായി ഉപയോഗിച്ചു. അതി

നാൽ അയാൾ പള്ളികൾ പണിതത് പിതൃഭക്തി കൊണ്ടോ ദൈവഭക്തി കൊണ്ടോ പ്രാർത്ഥന യ്ക്കുവേണ്ടിയോ ആയിരുന്നില്ല. അത് അധി കാരം സ്ഥാപിക്കുന്നതിന് വേണ്ടിയിട്ടായിരുന്നു. അത് ഹിന്ദു ക്ഷേത്രമായാലും ജൈന ക്ഷേത്ര മായാലും, എല്ലാം തകർത്തു. ഒരു പ്രമുഖ ജൈനക്ഷേത്രം അയാൾ നശിപ്പിച്ചു, കാരണം ഗുഹയിൽ അവർ കൊത്തിവെച്ച രൂപങ്ങൾ നഗ്നമായിരുന്നു. അതിനാൽ, അവിടുത്തെ മുഴുവൻ വസ്തുക്കളും നശിപ്പിക്കപ്പെട്ടന്ന് ഉറപ്പു വരുത്തി. അതുകൊണ്ട് ഈ മനുഷ്യനെയും അവന്റെ പാരമ്പര്യത്തെയും മറക്കണം. ആരും അത് സ്വയം തിരിച്ചറിയരുത്, കാരണം യാതൊ രു മാനദണ്ഡം വെച്ചാലും അയാൾ ഒരു സമർപ്പിത മുസ്ലീം ആയിരുന്നില്ല. പോകുന്നിട ത്തെല്ലാം സ്വാധീനം ചെലുത്താൻ മതത്തിന്റെ പേര് വളരെ ശക്തമായി ഉപയോഗിച്ച ഏറ്റവും മോശമായ സ്വേച്ഛാധിപതിയാണ്. അധിനിവേ ശത്തിനായി മതം ഉപയോഗിക്കാത്തതിനാൽ ചെങ്കിസ് ഖാനില്ലാത്ത ഒരു പുതിയ അധികാരം അയാൾക്ക് ലഭിച്ചു. ഈ ക്രൂരതകൾ നാം ഓർക്കണം, പക്ഷേ അതിൽ കയ്പേറി ഇരി ക്കരുത്. ലോകത്ത് ഒരിടത്തും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധി ക്കുക. എന്നാൽ ചരിത്രത്തിൽ നിന്ന് നാം വേദനാപൂർണമായ അവസ്ഥ പുനഃസൃഷ്ടിച്ചാൽ, അറിഞ്ഞുകൊണ്ട് വീണ്ടും സമാനമായ ക്രൂരത കൾ ചെയ്യാൻ നാം സാധ്യതയുണ്ട്. അതുകൊണ്ട് ബാബറിന്റെ പാരമ്പര്യം പോകണം.

## രാമരാജ്യം



ശ്രീരാമൻ 6000 വർഷങ്ങൾക്ക് മുമ്പാണ് ഉണ്ടായിരുന്നത്, അദ്ദേഹം എന്താണ് ചെയ്തത്, എന്താണ് ചെയ്യാത്തത്, അദ്ദേഹത്തെക്കുറിച്ച് ദക്ഷിണേന്ത്യയിൽ ധാരാളം വിമർശനങ്ങൾ നടക്കുന്നു. ഉത്തരേന്ത്യക്കാർ അദ്ദേഹത്തെ അപ ഗ്രഥിക്കുന്നില്ല, അവർ അദ്ദേഹത്തെ ആരാധി

ക്കുന്നു. എന്നാൽ 6000 വർഷം പഴക്കമുള്ള ഒരു മൂർത്തി ആയിരക്കണക്കിന് തലമുറകളായി ആളുകൾക്ക് നീതിയിലേക്കും സത്യസന്ധത യിലേക്കും പരസ്പരം അനുകമ്പയുള്ളവരായി രിക്കാനും പ്രചോദനം നൽകിയിട്ടുണ്ട്. നിങ്ങൾ ആ മൂർത്തീഭാവത്തെ ശല്യപ്പെടുത്തരുത്. ചരിത്രപരമായി എന്താണ് ശരി, എന്താണ് തെറ്റ് എന്നത് പ്രശ്നമല്ല, കാരണം ആർക്കും കൃത്യമായി അറിയില്ല. അദ്ദേഹം എവിടെ പോയി, എന്ത് സംഭവിച്ചു, അദ്ദേഹത്തിന്റെ ജീവിതത്തിലെ സംഭവങ്ങൾ എന്തെല്ലാമെന്നത് എല്ലാവർക്കും അറിയാവുന്ന പൊതുവായ കഥ മാത്രമാണ്. അദ്ദേഹം എന്താണ് ചെയ്തത്, എന്തിനാണ് ചെയ്തത്, നിങ്ങൾക്ക് അത് വേർതിരിച്ചറിയാൻ കഴിയില്ല. അദ്ദേഹം സുരക്ഷിതമല്ലാത്തവനെന്ന് ആരോ പറഞ്ഞുകൊണ്ടിരുന്നു, നിങ്ങൾ അദ്ദേഹത്തിന്റെ മാനസികരോഗ വിദഗ്ദനോ മറ്റോ അല്ല. 6000 വർഷങ്ങൾക്ക് മുമ്പ് മനുഷ്യൻ സുരക്ഷിതനാണോ അതോ അരക്ഷിതനാണോ എന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം? ഇത് അസംബന്ധമാണ്. എന്നാൽ തലമുറകളിലൂടെ ദശലക്ഷക്കണക്കിന് ആളുകളെ പ്രചോദിപ്പിച്ച ഒരു മൂർത്തിയാണ് അദ്ദേഹം. നിങ്ങൾ അതിനെ ശല്യപ്പെടുത്തരുത്, കാരണം മനുഷ്യരാശിക്ക് ആ വിഗ്രഹങ്ങൾ ആവശ്യമാണ്. നിങ്ങൾക്ക് രാമനെയോ കൃഷ്ണനെയോ യേശുവിനെയോ ബുദ്ധനെയോ എടുത്ത് അവരിൽ തെറ്റുകൾ കണ്ടെത്താം, അദ്ദേഹം ഇത് ചെയ്തു, ഇത് ശരിയല്ല, അത് ശരിയല്ല, അദ്ദേഹം ഒരു വംശീയ വാദിയായിരുന്നു എന്ന് പറഞ്ഞ് ഇന്ന് അവരുടെ തെറ്റുതിരുത്താം. ഇതെല്ലാം ഇപ്പോൾ ഇവിടെ യുള്ള ആളുകൾക്ക് പ്രസക്തമാണ്.

6000 വർഷം മുമ്പുള്ള ഒരു വ്യക്തിയെ നിങ്ങൾക്ക് എങ്ങനെ വിലയിരുത്താനാകും? അദ്ദേഹം മനുഷ്യരാശിയെ ഒരു മൂർത്തിയായി സേവിക്കുന്നു. ഞാൻ ഹിന്ദുവാണെന്ന് അദ്ദേഹം ഒരിക്കലും പറഞ്ഞിട്ടില്ലാത്തതിനാൽ അദ്ദേഹ ത്തെ ഒരു മതവിശ്വാസിയായി കാണരുത്. സ്ഥിരത, സന്തുലിതാവസ്ഥ, സമാധാനം, നീതി എന്നിവയുടെ പ്രതീകമായി അദ്ദേഹം ഈ സംസ്കാരത്തെ പ്രതിനിധീകരിക്കുന്നു. എവിടെ പോയാലും ജനങ്ങൾക്ക് എങ്ങനെ നീതി നൽകാ മെന്ന് അദ്ദേഹം എപ്പോഴും നോക്കി. താൻ ഭരിക്കുന്ന ജനങ്ങൾക്ക് നീതി നൽകുന്നതിൽ, തനിക്ക് വേണ്ടിയുള്ള കഷ്ടപ്പാടുകളുടെയും പ്രയാസങ്ങളുടെയും അങ്ങേയറ്റത്തെ തലങ്ങളി ലൂടെ അദ്ദേഹം സ്വയം കടന്നുപോയി. ഇതാണ് നിങ്ങൾക്ക് ആവശ്യമുള്ള മനുഷ്യൻ. ഹിന്ദു ക്കളും മുസ്ലീങ്ങളും ഓർക്കേണ്ട ഒരുകാര്യം എന്താണെന്നുവെച്ചാൽ താൻ ഹിന്ദുവാണെന്ന് രാമൻ ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. എന്നാൽ ഇന്ന് അദ്ദേഹം ഈ രാജ്യത്തെ ഒരു ബിംബം ആണ്. ഈ ലോകത്ത് മഹത്തായ നാഗരികത കെട്ടിപ്പടുക്കുന്നതിന് ആവശ്യമായ ശരിയായ ഗുണങ്ങൾ അദ്ദേഹം പ്രകടിപ്പിക്കുന്നതിനാൽ എല്ലാവരും അത്തരമൊരു ബിംബത്തിലേക്ക് നോക്കണം. 6000 വർഷത്തിനുള്ളിൽ ഈ നാഗരികത കെട്ടിപ്പടുക്കാൻ പല തരത്തിൽ രാമന്റെ കാലം ഒരു ആധാരബിന്ദുവായി മാറി. അതുകൊണ്ടാണ് സ്വാതന്ത്ര്യ സമര കാലത്ത് പോലും മഹാത്മാഗാന്ധി രാമരാജ്യത്തെ പരാ മർശിച്ചുകൊണ്ടിരുന്നത്, ഏറ്റവും മികച്ച ഭരണ

നിർവ്വഹണവും തികച്ചും നീതിയുക്തവുമായ രാഷ്ട്രം എന്നാൽ 'രാമരാജ്യം' എന്നാണ്. ഗുരുജി ഉപസംഹരിച്ചു പറഞ്ഞു: " ഇന്നും രാമരാജ്യം എന്ന് പറയുമ്പോൾ നമ്മൾ ഉദ്ദേശിക്കുന്നത് വളരെ ഉത്തമവും നീതിയുക്തവുമായ രാഷ്ട്ര മാണ്, ചൂഷണപരമോ സ്വേച്ഛാധിപത്യമോ ആയ രാഷ്ട്രമല്ല. അതാണ് നമ്മൾ ഇന്ത്യയിൽ നിന്ന് നിർമ്മിക്കാൻ ആഗ്രഹിക്കുന്നത്, അതിന് നമുക്ക് രാമനെ വേണം".

ശ്രീരാമ ജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റിന്റെ മേൽനോട്ടത്തിൽ രാമന്റെ ജന്മസ്ഥലമായ അയോധ്യയിൽ ഇപ്പോൾ പുതിയ ക്ഷേത്രം പണിയുകയാണ്. ക്ഷേത്രം 2024-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ, അതുവഴി ശ്രീരാമൻ നമുക്കും വരും തലമുറകൾക്കും പ്രചോദനമായിക്കൊണ്ടേയിരിക്കും. ശുഭാപ്തിവിശ്വാസത്തോടെ, ബാബർ വഴി അവശേഷിക്കുന്ന പൈതൃകത്തെ നമ്മുടെ മനസ്സിൽ നിന്നും യുവാക്കളുടെ മനസ്സിൽ നിന്നും ഇല്ലാതാക്കാനും ഇത് സഹായിക്കും.

---

## രാമജന്മഭൂമി ക്ഷേത്രം

(ശ്രീരാമ നവമി - 2023 മാർച്ച് 30)



ശ്രീരാമന്റെ ജന്മസ്ഥലമായ രാമജന്മഭൂമി "അയോധ്യ" എന്ന പുരാതന നഗരത്തിൽ സരയൂ നദിയുടെ തീരത്താണ്. ഇന്നത്തെ അയോധ്യ ഉത്തർപ്രദേശ് സംസ്ഥാനത്താണ്.

1528-29 കാലഘട്ടത്തിൽ ആക്രമണകാരിയായ മുഗൾ ചക്രവർത്തി ബാബർ ശ്രീരാമക്ഷേത്രം തകർത്ത് അതിന്റെ സ്ഥാനത്ത് ഒരു മുസ്ലീംപള്ളി നിർമ്മിച്ചു, പിന്നീട് അത് ബാബറി മസ് ജിദ് എന്നറിയപ്പെട്ടു.

1853-ൽ, നിർമോഹി അഘാടയിൽ പെട്ട ഒരു കൂട്ടം സായുധ ഹിന്ദു സന്യാസിമാർ ബാബറി മസ്ജിദ് സ്ഥലം കൈവശപ്പെടുത്തുകയും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം അവകാശപ്പെടുകയും ചെയ്തു. തുടർന്ന്, സിവിൽ ഭരണകൂടം ഇടപെട്ടു, 1855-ൽ, മസ് ജിദ് പരിസരം രണ്ട് ഭാഗങ്ങളായി വിഭജിച്ചു: ഒന്ന് ഹിന്ദുക്കൾക്കും മറ്റൊന്ന് മുസ്ലീങ്ങൾക്കും.1883-ൽ ഹിന്ദുക്കൾ അവിടെ ഒരു ക്ഷേത്രം നിർമ്മിക്കാനുള്ള ശ്രമം ആരംഭിച്ചു. ഇതിനുള്ള അനുമതി ഭരണകൂടം നിഷേധിച്ചതോടെ അവർ കോടതിയെ സമീപിച്ചു. വർഷങ്ങളായി കോടതികളിൽ പല കേസുകളും ഒരു പരിഹാരമില്ലാതെ തുടർന്നു.

1949-ൽ ഭഗവാൻ രാമന്റെയും ദേവി സീത യുടെയും വിഗ്രഹങ്ങൾ അത്ഭുതകരമായി അവിടെ പ്രത്യക്ഷപ്പെട്ടു. ആയിരക്കണക്കിന് ഹൈന്ദവ വിശ്വാസികൾ ഇവിടം സന്ദർശിക്കാൻ തുടങ്ങിയതോടെ സർക്കാർ മസ് ജിദ് പരിസരം ഒരു തർക്കപ്രദേശമായി പ്രഖ്യാപിക്കുകയും ഗേറ്റുകൾ പൂട്ടുകയും ചെയ്തു. തുടർന്ന്, ഈ സ്ഥലം ആരാധനാലയമാക്കി മാറ്റാൻ അനുമതി തേടി ഹിന്ദുക്കളിൽ നിന്ന് ധാരാളം വ്യവഹാര ങ്ങൾ ഉയർന്നുവന്നു.

1980-കളിൽ വിശ്വഹിന്ദു പരിഷത്തും (വിഎച്ച്പി) മറ്റ് ഹിന്ദു ദേശീയ സംഘടനകളും രാഷ്ട്രീയ പാർട്ടികളും ഈ സ്ഥലത്ത് രാമജ ന്മഭൂമി മന്ദിരം നിർമ്മിക്കാനുള്ള പ്രചാരണം ആരംഭിച്ചു. 1986-ൽ ജില്ലാ കോടതി ഹിന്ദു ആരാധകർക്കായി ക്ഷേത്രം/മസ്ജിദ് തുറന്നു കൊടുത്തു. എന്നിരുന്നാലും, പ്രക്ഷോഭങ്ങളുടെ മൂർദ്ധന്യത്തിൽ, 1992 ഡിസംബർ 06 ന്, ബാബറി മസ് ജിദ് തകർക്കപ്പെട്ടു, അതിന്റെ ഫലമായി വർഗീയ കലാപങ്ങളും ഉണ്ടായി. 2003-ൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (എഎസ്ഐ) കോടതി ഉത്തരവിന്റെ അടി സ്ഥാനത്തിൽ ഇവിടെ ഖനനം നടത്തി. മസ് ജിദിന് കീഴിൽ പത്താം നൂറ്റാണ്ടിലെ ഉത്തരേ ന്ത്യൻ ശൈലിയിലുള്ള ഒരു ക്ഷേത്രം ഉണ്ടെന്ന് എഎസ്ഐ റിപ്പോർട്ട് സൂചിപ്പിച്ചു. മുസ്ലീം ഗ്രൂപ്പുകളിൽ നിന്ന് ശക്തമായ എതിർപ്പുകൾ ഉണ്ടായെങ്കിലും, അലഹബാദ് ഹൈക്കോടതി, എഎസ്ഐയുടെ കണ്ടെത്തലുകൾ ശരിവച്ചു. മുൻകാല ഘടന ഒരു വലിയ ഹിന്ദു ക്ഷേത്ര മായിരുന്നു എന്നതിന് എഎസ്ഐയുടെ ഖനനങ്ങൾ കോടതി തെളിവായി ഉപയോഗിച്ചു.

2009-ൽ, ഭാരതീയ ജനതാ പാർട്ടി (ബിജെപി) അതിന്റെ തിരഞ്ഞെടുപ്പ് പ്രകടന പത്രിക പുറത്തിറക്കി, ആ സ്ഥലത്ത് ക്ഷേത്രം നിർമ്മി ക്കുമെന്ന വാഗ്ദാനം ആവർത്തിച്ചു. 2010-ൽ അലഹബാദ് ഹൈക്കോടതി തർക്കഭൂമിയുടെ 2.77 ഏക്കർ (1.12 ഹെക്ടർ) 3 ഭാഗങ്ങളായി വിഭജിച്ചു: 1/3 രാമക്ഷേത്ര നിർമ്മാണത്തിനായി ഹിന്ദു മഹാസഭ പ്രതിനിധീകരിക്കുന്ന രാം ലല്ല അല്ലെങ്കിൽ ശിശുവായ രാമന്, 1/3 മുസ്ലീം സുന്നി വഖഫ് ബോർഡിലേക്കും ബാക്കി 1/3 മറ്റൊരു ഹിന്ദുമത വിഭാഗമായ നിർമോഹി അഘാട യിലേക്കും പോകുന്നു. എന്നാൽ, തർക്കഭൂമി വിഭജിച്ചതിനെതിരെ ഈ മൂന്ന് കക്ഷികളും സുപ്രീം കോടതിയിൽ അപ്പീൽ നൽകി. അഞ്ച് ജഡ്ജിമാരുള്ള സുപ്രീം കോടതി ബെഞ്ച് കേസുകൾ വിശദമായി കേൾക്കുകയും, 2019 നവംബർ 09 ന് രാമക്ഷേത്രം നിർമ്മിക്കാൻ ഈ ഭൂമി പ്രത്യേകട്രസ്റ്റിന് കൈമാറാൻ ഉത്തരവിടു കയും ചെയ്തു. മസ് ജിദ് നിർമിക്കാൻ സുന്നി വഖഫ് ബോർഡിന് മറ്റൊരു ഭാഗത്ത് 5 ഏക്കർ സ്ഥലം നൽകാനും സർക്കാരിനോട് ഉത്തരവിട്ടു. 2020 ഫെബ്രുവരി 05-ന്, ക്ഷേത്രത്തിന്റെ നിർമ്മാണത്തിനായി "ശ്രീരാമ ജന്മഭൂമി തീർ ത്ഥക്ഷേത്ര" എന്നറിയപ്പെടുന്ന ട്രസ്റ്റ് ഇന്ത്യാ ഗവൺമെന്റ് രൂപീകരിച്ചു.

2020 ഓഗസ്റ്റ് 5-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അയോധ്യയിലെ രാമക്ഷേത്രത്തിനായി ഭൂമി പൂജയും തറക്കല്ലിടലും നിർവ്വഹിച്ചു. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങളുടെ 70 ശതമാനത്തിലധികം പൂർത്തിയായിരിക്കുന്നു. 2023 ഡിസംബറാണ് ക്ഷേത്രത്തിന്റെ നിർ

മ്മാണം പൂർത്തിയാക്കാനുള്ള സമയപരിധി, 2024 ജനുവരിയിൽ ക്ഷേത്രം ഭക്തർക്കായി തുറന്നുകൊടുക്കും.

**2024-ൽ (ജനുവരി 14) സൂര്യൻ മകരരാശിയിൽ പ്രവേശിക്കുമ്പോൾ, ഭഗവാൻ ശ്രീരാമചന്ദ്രൻ രാമജന്മഭൂമി ക്ഷേത്ര ശ്രീകോവിലിൽ വിരാജിച്ചിരിക്കും.**

**ക്ഷേത്ര സമുച്ചയം:** മുഴുവൻ രാമജന്മഭൂമി ക്ഷേത്ര സമുച്ചയവും ഏകദേശം 70 ഏക്കറിൽ, ഏത് സമയത്തും ഒരു ദശലക്ഷത്തോളം ഭക്തർക്ക് ആതിഥ്യമരുളാൻ സൗകര്യമൊരുക്കുന്ന വിധത്തിൽ വ്യാപിച്ചുകിടക്കും. ഏകദേശം 300-400 കോടി രൂപയാണ് ക്ഷേത്രത്തിന്റെ നിർമാണച്ചെലവ്. രാമജന്മഭൂമി സമുച്ചയത്തിന്റെ മുഴുവൻ നിർമാണത്തിനും 1100 കോടി രൂപ വേണം. സംഭാവനകൾ, എസ്റ്റിമേറ്റ് ചെയ്തതിന്റെ അഞ്ചിരട്ടിയോളം പ്രതീക്ഷിക്കുന്നു. മിച്ചം വരുന്ന പണം അയോധ്യയുടെ വികസനത്തിന് ഉപയോഗിക്കും.

**ക്ഷേത്രത്തിന്റെ പ്രത്യേകതകൾ:** ക്ഷേത്രത്തിന് 360 അടി നീളവും 235 അടി വീതിയും 161 അടി ഉയരവുമുണ്ടാകും. ഉയരത്തിൽ, ക്ഷേത്രത്തിന് നഗരത്തിൽ നിലവിലുള്ള ഘടനയുടെ മൂന്നിരട്ടി ഉയരം ഉണ്ടാകും. ക്ഷേത്രത്തിന്റെ ശ്രീകോവിൽ അഷ്ടഭുജാകൃതിയിലും, ഘടനയുടെ ചുറ്റളവ് വൃത്താകൃതിയിലുമായിരിക്കും. ക്ഷേത്രത്തിന് അഞ്ച് താഴികക്കുടങ്ങൾ ഉണ്ടായിരിക്കും, കൂടാതെ, പൂർണ്ണമായും രാജസ്ഥാനിൽ നിന്നുള്ള മണൽക്കല്ലുകൾ (s a n d s t o n e) ഉപയോഗിച്ച്, ഇരുമ്പോ ഇഷ്ടികയോ ഉപയോഗിക്കാതെയാണ്, സൂപ്പർ സ്ട്രക്ചറുകൾ നിർമ്മിക്കുന്നത്. മൂന്ന് നിലകളുള്ള ഈ ക്ഷേത്രത്തിന് ഭഗവാന്റെ ശിശുരൂപമായ 'രാംലല്ല'യുടെ വിഗ്രഹത്തിൽ സൂര്യരശ്മികൾ പതിക്കുന്ന തരത്തിൽ കേന്ദ്ര ഗർഭഗൃഹം - നിർമ്മിക്കുന്നു. ശ്രീകോവിൽ പോലെ ഗൃഹമണ്ഡപം പൂർണ്ണമായും മൂടിയിരിക്കും, എന്നാൽ കീർത്തന മണ്ഡപം, നൃത്യ മണ്ഡപം, രംഗ് മണ്ഡപം, രണ്ട് പ്രാർത്ഥനാ മണ്ഡപങ്ങൾ എന്നിവ ഇരുവശത്തും തുറന്ന സ്ഥലങ്ങളായിരിക്കും.

**വിഗ്രഹം:** ശ്രീരാമന്റെ രണ്ട് വിഗ്രഹങ്ങൾ ഉണ്ടാകും. ഒന്ന് 1949-ൽ കണ്ടെത്തിയതും പതിറ്റാണ്ടുകളായി അവിടെ കൂടാരത്തിൽ പൂജിച്ചിരുന്നതുമായ യഥാർത്ഥ വിഗ്രഹമായിരിക്കും. മറ്റൊന്ന് ഒരു വലിയ പ്രതിമ ആയിരിക്കും, അത് വളരെ ദൂരെ നിന്ന് ദൃശ്യമാകും. നേപ്പാളിലെ സാലിഗ്രാമം അഥവാ മുക്തിനാഥിനോട് (മുക്തിയുടെ സ്ഥലം) അടുത്തുള്ള ഗണ്ഡകി നദിയിൽ നിന്ന് കൊണ്ടുവന്ന രണ്ട് കൂറ്റൻ പാറകളിൽ നിന്നാണ് വിഗ്രഹങ്ങൾ കൊത്തിയെടുക്കുന്നത്.
രാമക്ഷേത്രത്തിനായി 21 ലക്ഷം രൂപ ചെലവിൽ 2100 കിലോഗ്രാം ഭാരവും, 6 അടി ഉയരവും, 5 അടി വീതിയുമുള്ള കൂറ്റൻ ക്ഷേത്രമണിയും തയ്യാറായിക്കഴിഞ്ഞു.
1000 വർഷത്തിലേറെക്കാലം നിലനിൽക്കുന്ന തരത്തിലാണ് മഹത്തായ ഈ ക്ഷേത്രം നിർമ്മിക്കുന്നത്.

**ജയ് ശ്രീ റാം!**

# ആഞ്ജനേയ പ്രഭാവം

(2023 ഏപ്രിൽ 06-ന് ഹനുമാൻ ജയന്തി).



ശ്രീരാമനോടുള്ള ഭക്തിയുടെ പേരിലാണ് ആഞ്ജനേയൻ അഥവാ ഹനുമാൻ അറിയപ്പെടുന്നത്. ആഗ്രഹിക്കുന്നതെന്തും ചെയ്യാൻ കഴിയുന്ന വളരെ ശക്തനായ ദേവനാണ് ഹനുമാൻ. കാട്ടിൽ, ചെറുപ്പത്തിൽ, വാനരനായ ആഞ്ജനേയൻ മരങ്ങളിൽ നിന്ന് മരങ്ങളിലേക്ക് ചാടുകയും ആനകളടക്കം മറ്റ്മൃഗങ്ങൾക്കും ശല്യവുമായിരുന്നു. ഇത് അവിടെ ധ്യാനത്തിലിരുന്ന ഋഷികളെ അസ്വസ്ഥമാക്കുകയും "ശക്തനെങ്കിലും ആരെങ്കിലും ഓർമ്മിപ്പിക്കുന്നതുവരെ താങ്കൾ സ്വന്തം ശക്തികളെ മറക്കട്ടെ" എന്ന് ശപിക്കുകയും ചെയ്തു..

സുഗ്രീവൻ, ഒരു ലക്ഷം വീതമുള്ള വാനര യോദ്ധാക്കളുടെ നാല് സൈന്യങ്ങളെ സീതയെ അന്വേഷിച്ച് നാല് ദിക്കുകളിലേക്ക് അയച്ചു. ഹനുമാനും ജാംബവാനും ഉൾപ്പെട്ട അംഗദന്റെ (ബാലിയുടെ പുത്രൻ) നേതൃത്വത്തിലുള്ള സംഘം തെക്ക് ഭാഗത്തേക്ക് പോയി ഒടുവിൽ കടൽത്തീരത്തെത്തി. സീതാദേവിയെ കണ്ടെത്താനാകാത്തതിൽ ദുഃഖിതരായ അവരെല്ലാം കഠോരമായ ശിക്ഷയെ ഭയന്ന് പരാജയ വാർത്തയുമായി സുഗ്രീവന്റെ അടുത്തേക്ക് മടങ്ങാൻ ആഗ്രഹിച്ചില്ല. ഉപവസിച്ച് കടൽത്തീരത്ത് മരിക്കുന്നതാണ് നല്ലതെന്ന് അവർ കരുതി. തൊട്ടടുത്തുള്ള ഒരു കുന്നിൽ മുകളിൽ, പക്ഷിരാജാവായ സമ്പാതി, രാവണന്റെ ആക്രമണത്തിൽ ചിറകുകൾ നഷ്ടപ്പെടുകയും അനങ്ങാൻ കഴിയാതെ വരികയും ചെയ്തതിനാൽ ഏറെ നാളായി പട്ടിണിയിലായിരുന്നു. സമ്പാതി വൃദ്ധനും ദുർബലനുമായിരുന്നു, എങ്കിലും വാനരന്മാരുടെ ഈ വിഷമാവസ്ഥ കണ്ട സമ്പാതിക്ക്, രാവണൻ സീതയെ ലങ്കയിലേക്കാണ് കൊണ്ടുപോയിരിക്കുന്നത്എന്ന ഒരു സൂചന നൽകാൻ കഴിഞ്ഞു. സന്തോഷത്തോടെ വാനരന്മാർ അപ്പോൾ കടൽ കടന്ന്, സീതയെ കണ്ടെത്തി, അതിനുശേഷം മാത്രം സുഗ്രീവന്റെ അടുത്തേക്ക് മടങ്ങുവാൻ തീരുമാനിച്ചു. അവർ കടലിൽ വെള്ളത്തിന്റെ അടുത്തുവരെ പോയി കാര്യങ്ങൾ ചർച്ച ചെയ്തു. "നമുക്ക് എങ്ങനെ കടൽ കടന്ന് 100 "യോജന" (34.3 കി.മീ) അകലെയുള്ള ലങ്കയിൽ എത്തി സീതയെ കണ്ടു മടങ്ങാനാകും?" ആശങ്കയും ഭയവും അവരെ കീഴടക്കി.

അംഗദൻ പറഞ്ഞു: "എത്ര കഠിനമായ ജോലിയാണെങ്കിലും, ഒരാൾ ഒരിക്കലും ധൈര്യം നഷ്ടപ്പെടുത്തരുത്. ധൈര്യമാണ് വിജയത്തിന്റെ താക്കോൽ. മനോധൈര്യം നഷ്ടപ്പെടുക എന്നാൽ എല്ലാം നഷ്ടപ്പെടുക എന്നതാണ്". എന്നിട്ട് തന്റെ അനുയായികളിൽ ഓരോരുത്തരോടും തനിക്ക് ചാടാൻ കഴിയുന്ന പരമാവധി ദൂരം കൃത്യമായി പറയാൻ ആവശ്യപ്പെട്ടു. ഓരോരുത്തരായി ചാടാൻ കഴിയുന്ന ദൂരം പറഞ്ഞു, പക്ഷേ ലങ്കയിലേക്കുള്ള 100 യോജന ദൂരം ചാടുവാൻ ആർക്കും സാധിക്കുന്നില്ല. ഒടുവിൽ, ഇതെല്ലാം കേട്ട് ഒന്നും പറയാതെ മാറി ഇരിക്കുന്ന ഹനുമാനെ ഒന്നു നോക്കി വൃദ്ധനായ ജാംബവാൻ, ഇങ്ങനെ പറഞ്ഞു: "അവിടെ നിശബ്ദനായി ഇരിക്കുന്ന വായുപുത്രനാണ് ഈ കർമ്മം ചെയ്യാനുള്ള ശക്തിയും വൈദഗ്ധ്യവും കൊണ്ട് ഏറ്റവും അനുയോജ്യനെന്ന് എനിക്ക് തോന്നുന്നു," ജാംബവാൻ ഹനുമാനെ അഭിസംബോധന ചെയ്തു: "അഞ്ജനാദേവിയിൽ നിന്നും വായുദേവന്റെ ചൈതന്യത്തിൽ നിന്നും ജനിച്ച അങ് തേജസ്സിലും ബുദ്ധിയിലും ശക്തിയിലും അതുല്യനാണ്. ശ്രീരാമന്റെ ഉദ്ദേശ്യം നിറവേറ്റാൻ ഞങ്ങളെ സഹായിക്കാൻ അങ്ങേക്കു മാത്രമേ കഴിയൂ. എല്ലാ ദേവന്മാരിൽ നിന്നും അനേകം വരദാനങ്ങളിലൂടെ നേടിയ ശക്തിയാൽ കടൽ കടക്കുക എന്നത് ഗരുഡതുല്യനായ അങ്ങേക്ക് ബുദ്ധിമുട്ടുള്ള കാര്യമല്ല."

ജാംബവാൻ തന്റെ മറന്നുപോയ ശക്തിയെ ഓർമ്മിപ്പിക്കുന്നത് കേട്ട്, ഹനുമാന്റെ ആലസ്യം പോയി, ധൈര്യം ഉണർന്നു. പെട്ടെന്ന് ശരീരം വേലിയേറ്റത്തിൽ കടൽ പോലെ ത്രസിക്കാൻ തുടങ്ങി. വായുപുത്രന്റെ തേജസ്സും വലിപ്പവും വർദ്ധിച്ചു കൊണ്ടേയിരുന്നത് അംഗദനെയും കൂട്ടരെയും അത്ഭുതപ്പെടുത്തി, സന്തോഷിപ്പിച്ചു. ഹനുമാൻ ഉടൻതന്നെ രാമന്റെ ഉദ്ദേശ്യം നിറവേറ്റാൻ തീരുമാനിച്ചുകൊണ്ട് ഉദ്ഘോഷിച്ചു: "അങ്ങയുടെ വാക്കുകൾ സത്യമാകട്ടെ. ആകാശത്തിലൂടെ പറന്ന് ചെന്ന് ലങ്കയിൽ ഇറങ്ങി ഞാൻ സീതാമാതാവിനെ കാണും, മടങ്ങിവന്ന് നിങ്ങൾക്ക് സന്തോഷവാർത്ത തരും, എനിക്ക് അതിൽ ഒട്ടും സംശയമില്ല."... അതെ, ഹനുമാൻ അത് തന്നെ ചെയ്തു.

ഇതാണ് "ആഞ്ജനേയ പ്രഭാവം". നമ്മുടെ ഓരോരുത്തരുടെയും കഴിവുകൾ പൂർണ്ണമായി നാം മനസ്സിലാക്കുന്നില്ല. ജീവിതത്തിൽ നമ്മൾ ആഗ്രഹിക്കുന്നതെന്തും നേടിയെടുക്കാനുള്ള സഹജമായ കഴിവ് നമുക്കെല്ലാവർക്കും ഉണ്ട്. എങ്കിലും, നമ്മുടെ ശക്തികളെ ഓർമ്മിപ്പിക്കുന്ന, ജാംബവാനെപ്പോലെ ഒരു വഴികാട്ടിയെയോ ഗുരുവിനെയോ കാണുന്നതു വരെ ഇത് നമ്മുടെ കഴിവിന് അപ്പുറമാണെന്ന് കരുതി നാം സ്വയം പിൻവാങ്ങുന്നു. നിങ്ങൾ ഒരു പ്രൊഫഷണലാണെങ്കിൽ, നിങ്ങളുടെ പ്രൊഫഷണൽ ജീവിതത്തിൽ മികച്ച വിജയവും സ്ഥാനങ്ങളും നേടാൻ നിങ്ങളെ നയിക്കാൻ തക്ക അറിവും കാഴ്ചപ്പാടും ഉള്ള ഒരു ഉപദേശകനെ നിങ്ങൾ അന്വേഷിക്കണം. അനന്തമാണ് മനുഷ്യന്റെ കഴിവ്. അത് നാം തന്നെ സ്വയം കണ്ടെത്തേണ്ടതുണ്ട്, തിരിച്ചറിയേണ്ടതുണ്ട്.

ഭഗവാൻ ഹനുമാനെ ഈ ധ്യാനമന്ത്രത്തോടെ പ്രാർത്ഥിക്കുക:

मनोजवं मारुततुल्यवेगं
जितेन्द्रियं बुद्धिमतां वरिष्ठ ।
वातात्मजं वानरयूथमुख्यं
श्रीरामदूतं शरणं प्रपद्ये ।

മനോജവം മാരുതതുല്യവേഗം
ജിതേന്ദ്രിയം ബുദ്ധിമതാം വരിഷ്ഠം।
വാതാത്മജം വാനരയൂഥമുഖ്യം
ശ്രീരാമദൂതം ശരണം പ്രപദ്യേ ।

**അർത്ഥം:**

(ഞാൻ ശ്രീ ഹനുമാനെ ശരണം പ്രാപിക്കുന്നു)

1: ആരാണോ ചിന്തയെപ്പോലെയും കാറ്റിനെപ്പോലെയും വേഗതയുള്ളവനും

2: ആരാണോ ഇന്ദ്രിയങ്ങളുടെ അധിപനും അപാര ബുദ്ധി, ഉയർന്ന ജ്ഞാനം എന്നിവയാൽ ആദരിക്കപ്പെടുന്നനും

3: ആരാണോ കാറ്റിന്റെ പുത്രനും വാനരന്മാരിൽ പ്രധാനിയും ആയിരിക്കുന്നത് (അവതാര സമയത്ത് ശ്രീരാമനെ സേവിക്കുന്നതിനായി വാനര കുലത്തിൽ അവതാരമെടുത്ത ദേവന്മാരിലൊരു ദേവൻ),

4: ശ്രീരാമന്റെ ആ ദൂതനോട്, (അദ്ദേഹത്തിന് മുന്നിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട്) ഞാൻ അഭയം പ്രാപിക്കുന്നു.

ജയ് ബജ്രംഗ് ബലി... വജ്രതുല്യം കഠിനവും ശക്തവുമായ ശരീരത്തോടുകൂടിയ ബലവാനായ ഹനുമാൻ ജയിക്കട്ടെ!

**ഹനുമാൻ മന്ത്രത്തിന്റെ പ്രാധാന്യം:**

ജീവിതത്തിൽ വിജയിക്കണമെങ്കിൽ ശാരീരികമായും മാനസികമായും ബൗദ്ധികമായും സാമൂഹികമായും ശക്തനായിരിക്കണം. ശ്രീഹനുമാൻ ഈ നാലിന്റെയും പ്രതീകമാണ്, അദ്ദേഹത്തെപ്പോലെ ആകാൻ, അല്ലെങ്കിൽ അനുഗ്രഹം ലഭിക്കാൻ നാം പ്രാർത്ഥിക്കുന്നു. ശാരീരികമായി ഹനുമാൻ ഏറ്റവും ശക്തനാണ്; പർവതങ്ങൾ വഹിക്കാനും സമുദ്രങ്ങൾ താണ്ടാനും ഭൂമിയിലെ ഏതൊരു വ്യക്തിയെയും തന്റെ വീര്യം കൊണ്ട് പരാജയപ്പെടുത്താനും കഴിയും. അദ്ദേഹത്തിന്റെ ശരീരം വജ്രം പോലെ കഠിനമാണ്. ഏൽപ്പിച്ചിരിക്കുന്ന ഏത് ജോലിയും ചിന്തയുടെ വേഗത്തിൽ നിർവഹിക്കാൻ അദ്ദേഹത്തിന് കഴിയും, കൂടാതെ ഉയർന്ന ബുദ്ധിശക്തിയും ഉണ്ട്. അവസാനമായി, നമ്മൾ ചെയ്യുന്ന ഏതൊരു കാര്യത്തിലും വിട്ടുവീഴ്ചയില്ലാത്ത അച്ചടക്കം ഉണ്ടായിരിക്കണം, അത് പ്രലോഭനങ്ങളെ അതിജീവിച്ചാൽ മാത്രമേ സാധ്യമാകൂ. ഒരു മണിക്കൂർ അധികം ഉറങ്ങാൻ പ്രലോഭിപ്പിക്കപ്പെടുന്നു, അങ്ങിനെ നാം പ്രഭാത വ്യായാമം ഒഴിവാക്കുന്നു, ബുഫേയിൽ കാണുന്നതെല്ലാം കഴിക്കാനും കുടിക്കാനും നാം പ്രലോഭിപ്പിക്കപ്പെടുന്നു, അലസത കാരണം കാര്യങ്ങൾ നീട്ടിവെക്കാൻ സാധ്യതയുണ്ട്... ജീവിതത്തിൽ വിജയിക്കണമെങ്കിൽ, ഹനുമാനെപ്പോലെ, ശാരീരികമായും മാനസികമായും ബൗദ്ധികമായും ശക്തനും എല്ലാ പ്രലോഭനങ്ങൾക്കും മേൽ പൂർണ്ണ നിയന്ത്രണവും ഉള്ളവനായിരിക്കണം.

# ഭഗവത് ഗീത – രണ്ടാം അധ്യായം - സാംഖ്യയോഗം

(ശ്ലോകം : (11-15)



**ശ്ലോകം - 11**

അശോച്യാനന്വശോചസ്ത്വം
പ്രജ്ഞാവാദാംശ്ച ഭാഷസേ
ഗതാസൂനഗതാസൂംശ്ച
നാനുശോചന്തി പണ്ഡിതാഃ

നീ ദുഃഖിക്കേണ്ടാത്തവരെകുറിച്ച് ദുഃഖിക്കുന്നു
അറിവുള്ളവരുടെ സിദ്ധാന്തങ്ങളെ പറയുകയും
ചെയ്യുന്നു, ജ്ഞാനികൾ മരിച്ചവരെപറ്റിയും
മരിക്കാത്തവരെ പറ്റിയും ദുഃഖിക്കുന്നില്ല.

**ശ്ലോകം -12**

ന ത്വേവാഹം ജാതു നാസം
ന ത്വം നേമേ ജനാധിപാഃ
ന ചൈവ ന ഭവിഷ്യാമഃ
സർവ്വേ വയമതഃ പരം.

ഞാൻ ഒരിക്കലും ഉണ്ടായിരുന്നില്ല, നീയും
ഉണ്ടായിരുന്നില്ല, ഈ രാജാക്കൻമാരും
ഉണ്ടായിരുന്നില്ല, ഇനി മേലും നാം എല്ലാവരും
ഉണ്ടായിരിക്കില്ല എന്നതും ഇല്ലതന്നെ.

**ശ്ലോകം - 13**

ദേഹിനോസ്മിൻ യഥാ ദേഹേ
കൗമാരം യൗവ്വനം ജരാ
തഥാ ദേഹാന്തരപ്രാപ്തിഃ
ധീരസ്തത്ര ന മുഹ്യതി.

ഈ ദേഹത്തിൽ കൗമാരവും യൗവ്വനവും
വാർദ്ധക്യവും എപ്രകാരമോ അപ്രകാരം
തന്നെയാണ് അന്യ ദേഹത്തെ പ്രാപിക്കൽ
അതിൽ ധീരനായവൻ (ജ്ഞാനി) മോഹത്തെ
പ്രാപിക്കുന്നില്ല.

**ശ്ലോകം - 14**

മാത്രാസ്പർശാസ്തു കൗന്തേയ!
ശീതോഷ്ണസുഖദുഃഖദാഃ
ആഗമാപായിനോ നിത്യാ-
സ്താംസ്തിതിക്ഷസ്വ ഭാരത!

ഹേ കുന്തീപുത്രാ! ഇന്ദ്രിയവിഷയ ബന്ധങ്ങൾ
ആകട്ടെ ശീതോഷ്ണ സുഖദു:ഖങ്ങളെ
ഉണ്ടാക്കുന്നവയും വന്നും പോയുമിരിക്കുന്നവയും
അനിത്യങ്ങളുമാണ് അതുകൊണ്ട് അല്ലയോ
ഭാരത! അവയെ നീ സഹിക്കണം.

**ശ്ലോകം - 15**

യം ഹി ന വ്യഥയന്ത്യേതേ
പുരുഷം പുരുഷർഷഭ!
സുഖദുഃഖസമം ധീരം
സോ മൃതത്വായ കല്പതേ.

പുരുഷശ്രേഷ്ഠാ ഇവ (വിഷയ ബന്ധങ്ങൾ ) സുഖദുഃഖങ്ങളെ ഒരുപോലെ കരുതുന്നവനായി ധീരനായിരിക്കുന്ന യാതൊരു പുരുഷനെ വ്യസനിപ്പിക്കുന്നില്ല അവൻ മോക്ഷത്തിന് യോഗ്യനാകുന്നു.

---

## സുഭാഷിതം – 39

**स्वस्तिप्रजाभ्यः परिपालयन्तां
न्यायेन मार्गेण महीं महीशाः
गोब्राह्मणेभ्यः शुभमस्तु नित्यं
लोकाः समस्ताः सुखिनो भवन्तुः ॥**

സ്വസ്തിപ്രജാഭ്യഃ പരിപാലയന്താം
ന്യായേണ മാർഗേണ മഹീം മഹിശാഃ ॥
ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം
ലോകാഃ സമസ്തഃ സുഖിനോ ഭവന്തുഃ ॥

ഹിന്ദുധർമ്മം/ സനാതന ധർമ്മം ആഗ്രഹിക്കുന്നത് ലോക നന്മയാണ്. ലോകത്തിലെ എല്ലാ ജനങ്ങളും ശക്തരും അതി ശക്തരുമായ നേതാക്കൾ മുഖേന ശരിയായ നിയമവും നീതിയും വഴി സംരക്ഷിക്കപ്പെടട്ടെ. പണ്ഡിതന്മാരും പശുക്കളും എന്നും സന്തോഷമായിരിക്കട്ടെ. ലോകത്തെ സകല ജീവജാലങ്ങളും സുഖമായിരിക്കട്ടെ.!

---

## ക്വിസ് (വിജ്ഞാന പരീക്ഷ) – 24

(കുറിപ്പ്: സനാതന ധർമ്മം സംബന്ധിച്ചും, കൂടുതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം "9447211722" എന്ന നമ്പറിലേക്കു വാട്ലാപ്പ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പവാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

**ചോദ്യങ്ങൾ:**

1. ഹനുമാൻ സ്വന്തം ശക്തി മറന്നതെങ്ങനെ?

2. ചന്ദ്രശേഖരൻ എന്നറിയപ്പെടുന്ന ഭഗവാൻ?

3. കാർത്തികേയന്റെ വാഹനം?

4. ശകുന്തളയെ ശപിച്ചത് ആരാണ്?

5. ശബരിമലയിലെ 'കാളകെട്ടി'യുടെ പ്രാധാന്യം എന്താണ്?

6. ത്രേതാ യുഗത്തിൽ തപസ്വിനിയായ ശബരിയെ സന്ദർശിച്ച ഭഗവാൻ ഏത്?

7. ഷോഡശ സംസ്കാരങ്ങൾ - 16 സംസ്കാരങ്ങൾ/ വൈദിക ആചാരങ്ങൾ ഏത് പുരാതന ഗ്രന്ഥത്തിലാണ് വിശദീകരിച്ചിരിക്കുന്നത്?

8. രാമജന്മഭൂമിയിൽ നിർമ്മാണത്തിലിരിക്കുന്ന രാമക്ഷേത്രത്തിന് വേണ്ടി ഭൂമിപൂജ നടത്തിയത് ആരാണ്?

9. ഇന്ത്യൻ ചരിത്രത്തിൽ 1919 ഏപ്രിൽ 13 ന്റെ പ്രാധാന്യം എന്താണ്?

10. ശബരിമല ക്ഷേത്രത്തിലെ കൊടിമരത്തിന്റെ

മുകളിൽ സ്ഥാപിച്ചിരിക്കുന്ന വിഗ്രഹം ആരുടെ?

**ഉത്തരങ്ങൾ (ക്വിസ് 23)**

1. പുണ്യ പമ്പ നദിയിലെ ത്രിവേണി സംഗമം, ശബരിമലയിലേക്കുള്ള വഴിയിലാണ് സ്ഥിതി ചെയ്യുന്നത്, അതിന്റെ വടക്ക് മണിമലയാറുമായും തെക്ക് അച്ചൻകോവിലാറുമായും സംഗമിക്കുന്ന സ്ഥലമാണ്.

2. കുരുക്ഷേത്രയുദ്ധത്തിൽ അതിജീവിച്ച, ധൃതരാഷ്ട്രരുടെ (ഒരു പരിചാരികയിൽ ജനിച്ച), ഏക പുത്രനായിരുന്നു യുയുത്സു. യുദ്ധം ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് അദ്ദേഹം പാണ്ഡവ പക്ഷത്തേക്ക് മാറിയിരുന്നു.

3. തക്ഷകൻ എന്ന സർപ്പ ദംശനത്താലാണ്പരീക്ഷിത്ത് രാജാവിന്റെ മരണം സംഭവിച്ചത്. ഏഴ് ദിവസത്തിനകം തക്ഷകന്റെ കടിയേറ്റ് രാജാവ് മരിക്കുമെന്ന് ശമിക മുനിയുടെ പുത്രനായ ശൃംഗി മഹർഷി പരീക്ഷിത്ത് രാജാവിനെ ശപിച്ചിരുന്നു.

4. ശിവ-പാർവ്വതിമാരുടെ രാജകീയ വിവാഹസമയത്ത് ലോകം മുഴുവൻ ഹിമാലയത്തിൽ സമ്മേളിച്ചപ്പോൾ ചരിഞ്ഞുതുടങ്ങിയ ഭൂമിയിലെ ഭാരത്തെ സന്തുലിതമാക്കാൻ തെക്കോട്ടയച്ചത് അഗസ്ത്യ മുനിയാണ്.

5. സാക്ഷാൽ പരമശിവനെ പൂജിക്കുന്നതാണ് മൃത്യുഞ്ജയ മന്ത്രം, ഋഗ്വേദത്തിൽ കാണപ്പെടുന്നു, ഇത് മഹർഷി വസിഷ്ഠനാണ് രചിച്ചത്.

മഹാമൃത്യുഞ്ജയ മന്ത്രം:
ഓം ത്ര്യംബകം യജാമഹെ
സുഗന്ധിം പുഷ്ടി വര്ധനം/
ഉർവാരുക മിവ ബന്ധനാത്
മൃത്യോര്മുക്ഷീയ മാമൃതാത് /

സാരം - ത്രിലോചനനായ ഭഗവാനെ ഞങ്ങൾ ധ്യാനിക്കുന്നു. സുഗന്ധത്തെയും അഭിവൃദ്ധിയെയും വർധിപ്പിക്കുന്ന അങ്ങ്, വെള്ളരിക്കയെ അതിന്റെ തണ്ടിൽ നിന്നും വേർപെടുത്തുന്നതു പോലെ മരണത്തിൽ നിന്നു ഞങ്ങളെ മോചിപ്പിച്ചാലും, പക്ഷേ അമരത്വത്തിൽനിന്നല്ല.

6. ശകന്മാരെ പരാജയപ്പെടുത്തി ബിസി 57 ൽ സാമ്രാട്ട് വിക്രമാദിത്യൻ വിക്രമ സംവത്സരം ആരംഭിച്ചു, നിലവിലെ വർഷം 2080 ആണ്.

7. കേരളത്തിലെ തിരുവനന്തപുരത്ത് വെങ്ങാനൂരിൽ സ്ഥിതി ചെയ്യുന്ന ശ്രീ ബാല ത്രിപുര ദേവിയുടെ 'പൗർണമിക്കാവ് ക്ഷേത്രം' 'അക്ഷര ദേവത ക്ഷേത്രം' എന്നും അറിയപ്പെടുന്നു, 51 അക്ഷരദേവതകളുടെ പ്രതിഷ്ഠയും ആരാധനയും ഉള്ള ലോകത്തിലെ ആദ്യത്തെ ക്ഷേത്രം.

8. 'പാലം കല്യാണസുന്ദരത്തിന്റെ' പാവപ്പെട്ടവരെ സഹായിക്കാനുള്ള അഭിനിവേശത്തിൽ ആവേശഭരിതനായി സൂപ്പർ സ്റ്റാർ രജനികാന്ത് അദ്ദേഹത്തെ ദത്ത് പിതാവായി സ്വീകരിച്ചു. സാമൂഹിക രംഗങ്ങളിലെ മികച്ച പ്രവർത്തനത്തിന് 2023 ൽ അദ്ദേഹത്തിന് പത്മശ്രീ നൽകി ആദരിച്ചു.

9. ശിശുവായ കൃഷ്ണനെ കൊല്ലാൻ ശ്രമിച്ച പൂതന മുൻ ജന്മത്തിൽ രത്നമാലയായിരുന്നു. മഹാബലി രാജാവിന്റെ മകളായിരുന്നു രത്നമാല. വാമനനെ കണ്ടപ്പോൾ അവർക്ക് മാതൃവാത്സല്യം ഉണ്ടായി.

10. കടുത്തസ്വാമിയും കറുപ്പസ്വാമിയും ശബരിമല ക്ഷേത്രത്തിലെ രണ്ട് ദ്വാരപാലകന്മാരായി കണക്കാക്കപ്പെടുന്നു, പതിനെട്ടാംപടിയുടെ താഴെ ഇരുവശങ്ങളിലുമായി പ്രതിഷ്ഠിച്ചിരിക്കുന്നു.

---

**മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ:** ആരുമില്ല

# വാർത്തകൾ

*ഇന്ന്, 2023 ഏപ്രിൽ 05, പങ്കുനി ഉത്രം - സ്വാമി അയ്യപ്പന്റെ ദിവ്യമായ ജന്മനക്ഷത്രത്തിന്റെ ശുഭദിനം. കൂടാതെ, ശബരിമലയിൽ ഉത്സവ സമാപനം, ആറാട്ട്. SASS ന്റെ നിർദ്ദേശപ്രകാരം, ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർ സ്വന്തം വീടുകളിലും സമീപ ക്ഷേത്രങ്ങളിലും ദീപാരാധന, ഭജന, നീരാജനം തുടങ്ങിയവയോടെ ഉത്രം പൂജ നടത്തുന്നു.

*SASS-ന്റെ 'നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി' യോഗം ഏപ്രിൽ 8, 9 തീയതികളിൽ കർണാവതിയിൽ (അഹമ്മദാബാദ്, ഗുജറാത്ത്) വെച്ച് നടക്കുന്നു. തുടർന്ന് ഗുജറാത്ത് സംസ്ഥാനത്തി ന്റെ ഹരിവരാസനം ശതാബ്ദി ആഘോഷത്തോ ടനുബന്ധിച്ചുള്ള പൊതുസമ്മേളനം ഏപ്രിൽ 09 - ന് വൈകീട്ട് 6.00 മണി മുതൽ.

*ഹരിവരാസനം ശതാബ്ദി ആഘോഷത്തോടനുബന്ധിച്ചുള്ള രഥയാത്രകൾ ഉത്തര ദക്ഷിണ തമിഴ്നാടുകളിൽ തുടരുന്നു.

* മുംബൈ മാട്ടുംഗ ജില്ലാ ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ മാർച്ച് 26നു 'മാട്ടുംഗ മൈസൂർ ഹാളിൽ' വെച്ച് നടന്നു, SASS നാഷണൽ ട്രഷറർ ശ്രീ പ്രകാശ് പൈയും കൊങ്കൻ സംസ്ഥാന ഭാരവാഹി കളും പങ്കെടുത്തു.

* ശ്രീലങ്ക, കൊളംബോയിൽ "അഖില ശ്രീലങ്ക ശബരിമല ഗുരുസ്വാമി ഒൻട്രിയം" എന്ന സംഘടനയുടെ നേതൃത്വത്തിൽ ഏപ്രിൽ 01-ന് നടന്നു. ഹരിവരാസനം ശതാബ്ദി ആഘോഷത്തിൽ S A S S ന്റെ മുതിർന്ന കാര്യകർത്താവും ട്രസ്റ്റിയു മായ ശ്രീ ദുരൈശങ്കർ പങ്കെടുത്തു.

**ശബരിമല ക്ഷേത്രം തുറക്കുന്ന / അടയ്ക്കുന്ന തീയതികൾ.**

**അടുത്ത 27 ദിവസങ്ങളിൽ.**

ഇന്ന് പങ്കുനി ഉത്രം, ആറാട്ട്, ഉത്സവം സമാപനം - മാർച്ച് 26 മുതൽ തുറന്നിരിക്കുന്ന ക്ഷേത്രം ഇന്ന് രാത്രി 10.00 മണിക്ക് അടയ്ക്കുന്നു.

പിന്നീട് തുറക്കുന്നത്: ഏപ്രിൽ 11-ന് വൈകീട്ട് 5 മണിക്ക് - മേടമാസ പൂജയ്ക്ക്. വിഷു ഉത്സവം 15ന്. അടയ്ക്കുന്നത്: 19-ന് രാത്രി 10 മണിക്ക്.

## ശ്രദ്ധാഞ്ജലി

**റിട്ട. ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ**



ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ കേരള സംസ്ഥാന സമിതി അധ്യക്ഷനും ദേശീയ സമിതി ഉപാധ്യക്ഷനുമായ റിട്ട. ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ, 63 വയസ്സ്, 2023 ഏപ്രിൽ 3 ന് കൊച്ചിയിൽ വച്ച് അന്തരിച്ചു. പ്രശസ്ത അഭിഭാഷകനും ജനപ്രിയ ന്യായാധിപനും, ഒരു തീവ്ര അയ്യപ്പഭക്തനുമായ അദ്ദേഹം ശബരിമല വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തി ധർമ്മ സംരക്ഷണ ത്തിനായി കടുത്ത നിലപാടുകൾ സ്വീകരിച്ചിരുന്നു. പരേതന്റെ ആത്മാവിന് മോക്ഷം ലഭിക്കാൻ പ്രാർത്ഥിച്ചുകൊണ്ട് ശബരിമല അയ്യപ്പസേവാസമാജം ശ്രദ്ധാ ഞ്ജലി അർപ്പിക്കുന്നു.

*നിഷേധക്കുറിപ്പ്: ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ചു, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാദ്ധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

*ശബരിമല അയ്യപ്പ സേവാ സമാജത്തിനു വേണ്ടി, അയ്യപ്പവിഹാർ, ശിവ ടെമ്പിൾ റോഡ്, വിയ്യൂർ, തൃശൂർ, കേരളം - 680010, നിന്ന് നാഷണൽ അഡ്മിൻ സെക്രട്ടറി ശ്രീ.പി. ഷണ്മുഖാനന്ദൻ പ്രസിദ്ധീകരിക്കുന്നത്.